UNIVERSITY LIBRARY MADRAS

# തുഞ്ചത്തെഴുത്തച്ഛൻ

| പുസ്തകം 11 | 1960 നവമ്പർ | ലക്കം 7 |
|---|---|---|

## പ്രാർത്ഥന

യാതൊന്നുകണ്ടതതു നാരായണപ്രതിമ
യാതൊന്നുകേട്ടതതു നാരായണശ്രുതികളാം
യാതൊന്നുചെയ്തതതു നാരായണാർച്ചനകളാം
യാതൊന്നതൊക്കെ ഹരിനാരായണായ നമഃ

## ആചാര്യസൂക്തികൾ

### ജ്ഞാനം മുക്തിസാധനം

ജ്ഞാനംകൊണ്ടെന്നെ വഴിപോലെ കണ്ടറിഞ്ഞീടാം
ജ്ഞാനമാകുന്നതെന്നെക്കാട്ടുന്ന വസ്തുതന്നെ
ജ്ഞാനമുണ്ടാകുന്നതു വിജ്ഞാനംകൊണ്ടേതന്നെ
ഞാനിതെന്നറിവിന്നു സാധനമാകയാലെ
സർവ്വത്രപരിപൂർണ്ണനാത്മാവു ചിദാനന്ദൻ
സർവ്വസത്വാന്തർഗ്ഗതനപരിച്ഛേദ്യനല്ലോ
ഏകനദ്വയൻ പരൻ അവ്യയൻ ജഗന്മയൻ
യോഗേശനജനഖിലാധാരൻ നിരാധാരൻ
നിത്യസത്യജ്ഞാനാദി ലക്ഷണൻ ബ്രഹ്മാത്മകൻ
ബുദ്ധ്യുപാദികളിൽ വേറിട്ടവൻ മായാമയൻ
ജ്ഞാനംകൊണ്ടുപഗമ്യൻ യോഗിനാമേകാത്മനാം
ജ്ഞാനമാചാര്യശാസ്ത്രോപദേശൈക്യജ്ഞാനം
ആത്മനോരേവം ജീവപരയോർ മൂലവിദ്യാ
ആത്മനികാര്യ കാരണങ്ങളും കൂടിച്ചേർന്നു
ലയിച്ചീടുമ്പോളുള്ളോരവസ്ഥയല്ലോ മുക്തി
ലയത്തോടൊത്തു വേറിട്ടിരിപ്പതാത്മാവൊന്നേ
ജ്ഞാനവിജ്ഞാനവൈരാഗ്യത്തോടു സഹിതമാ-
മാനന്ദമായിട്ടുള്ള കൈവല്യസ്വരൂപമി-
തുള്ളവണ്ണമേ പറവാനുമിതറിവാനും
ഉള്ളം നല്ലുണർവ്വുള്ളോരില്ലാരും ജഗത്തിങ്കൽ.

— 0 —

# ഈശ്വരവിലാസം

(തുടർച്ച)

കെ. ജനാർദ്ദനൻ തമ്പാൻ

ഓരോരുത്തരുടേയും ജന്മസംസ്കാരവിശേഷത്തിന്നുള്ള അദൃശ്യ പ്രേരണാമൂല്യത്തിൽ വിശ്വസിക്കുന്നവനാകയാൽ ഞാൻ, ഒരു ഹിന്ദുകുടുംബത്തിൽ പിറന്ന സ്ഥിതിക്ക്, ഒരു ഹിന്ദുവായിത്തന്നെ വർത്തിക്കുന്നു. എന്നാൽ അത് (ആ പാരമ്പര്യം) എന്റെ സദാചാരവിവേകത്തിന്നോ എന്റെ ആത്മീയ വികാസത്തിന്നോ വിരുദ്ധമാണെന്ന് എനിക്ക് വെളിപ്പെട്ടാൽ ഞാനതിനെ നിരാകരിക്കുവാനും മടിക്കില്ല. പല പരീക്ഷണങ്ങൾക്കുശേഷം എനിക്ക് തോന്നിയിട്ടുള്ളത്, അത് (ഹൈന്ദവപാരമ്പര്യം) എനിക്കറിയാവുന്ന മററു മതങ്ങളേക്കാൾ സഹിഷ്ണുത്വമുള്ള ഒന്നാണെന്നാകുന്നു. ഹിന്ദുമതം ശാസിധാന്ത ജടിലമല്ലാത്തതിനാൽ അതിന്റെ അനുയായികൾക്ക് അവനവന്ന് ഒത്തവണ്ണം ആത്മപ്രകാശത്തിന്ന് വഹ നൽകുന്നു. ഇതരമതവിശ്വാസങ്ങളെ ബഹുമാനിക്കുവാനും, പോരാ, അതുകളിലുള്ള നല്ല ഭാഗങ്ങൾ ആദരിച്ച് തന്നിലേക്ക് പകത്തുവാനും ഹൈന്ദവപാരമ്പര്യത്തിന്റെ സഹിഷ്ണുത വഴിനല്കുന്നു.” “വേദങ്ങൾ ഉപനിഷത്തുകൾ പുരാണങ്ങൾ എന്നിവയിൽ വിശ്വസിക്കുന്നവനാകയാൽ ഞാൻ എന്നെ ഒരു ‘സനാതനി ഹിന്ദു’വായി ഗണിക്കുന്നു. എന്നാൽ ഞാൻ നമ്മുടെ വേദങ്ങൾക്ക് അന്യാസാധാരണ ദിവ്യത്വമുണ്ടെന്നു വിശ്വസിക്കുന്നില്ല. ഹൈന്ദവ വേദങ്ങളോളംതന്നെ ദിവ്യപ്രചോദനാസിദ്ധങ്ങളാണ് ബൈബിൾ, ഖുറാൻ, സെൻഡ് അവെസ്ത ആദിയായ ഇതര മതശാസ്ത്രങ്ങളും എന്നാണെന്റെ വിശ്വാസം.” “ശാസ്ത്രാർത്ഥം എത്രതന്നെ പാണ്ഡിത്യത്തോടെ വ്യാഖ്യാനിക്കപ്പെട്ടാലും അതെന്റെ ബുദ്ധിയുക്തിക്കും ധർമ്മബോധത്തിന്നും നിരക്കാത്തതാണെങ്കിൽ ഞാനാ ശാസ്ത്രവ്യാഖ്യാനങ്ങളാൽ സ്വയം ബന്ധിതനാവാൻ സമ്മതിക്കുകയില്ല. നിരുപദ്രവിത്വമെന്ന അഹിംസ, സദ്ഭാവമെന്ന സത്യം, ഇന്ദ്രിയമനസ്സംയമനമെന്ന ബ്രഹ്മചര്യം ഈ ത്ര്യംഗവ്രതചര്യയിൽ ദൃഢഭൂമിയാവാത്ത ആൾക്കുംതന്നെ ശാസ്ത്രപരമാർത്ഥം ശരിയായി വ്യാഖ്യാനിക്കാനാവില്ല എന്ന ഹൈന്ദവപാരമ്പരീയ ധാരണയാണ് എന്റെ ഒരു വിശ്വാസപ്രമാണം.”

ബാല്യത്തിലെ സാഹചര്യത്തിൽ, സ്വപാരമ്പര്യാചാര വിശ്വാസങ്ങളെ അസ്വതന്ത്ര ബുദ്ധിയായി പരിചയിച്ച്, പിന്നീട് സ്വന്തമായി ചിന്തിച്ചുതുടങ്ങുന്ന ഒരാൾക്ക് തന്റെ ആ പൂർവ്വികാചാര വിശ്വാസങ്ങളെ ചോദ്യം ചെയ്യേണ്ടിയ ഘട്ടം ചിലപ്പോൾ നേരിടേണ്ടിവന്നേക്കാം. താദൃശദശാസന്ധിയിൽ ഏററവും വിഷമങ്ങളായ പ്രശ്നങ്ങളോടേററുമുട്ടി, സമാധാനം കാണാൻ ക്ഷമയോ സ്വമേധയോ ഇല്ലാത്ത പലരും, അതുവരെ വിചാരം കൂടാതെ ആദരിച്ചുപോന്ന സ്വമതപാരമ്പര്യത്തെ ആകെ വെറുത്ത് അതോ

ക്കെ സർവ്വാബദ്ധം എന്നു് തിരസ്കരിച്ചു് നിരീശ്വരരോ നാസ്തികരോ ആയിമാറുന്നു. അഥവാ, "നിങ്ങളുടെ അസ്വാസ്ഥ്യങ്ങൾക്കെല്ലാം എളുപ്പം പരിഹാരം തരാം." എന്നുള്ള ഇതരമതസ്ഥരുടെ പ്രലോഭനങ്ങൾക്കു് വശപ്പെട്ടു് മതം മാററത്തിന്നു് ബദ്ധപ്പെടുന്നു. എന്നാൽ "ഇച്ഛാദ്വേഷ സമുത്ഥ"ങ്ങളായ "മോഹ"ങ്ങൾ മൂലമുള്ള മതപരിത്യാഗമോ മതപരിവർത്തനമോ ശാശ്വതസമാധാനപ്രദായകങ്ങളാവുന്നതെങ്ങനെ? മതങ്ങൾ ഒന്നുമേ അന്യൂനമല്ല. പൂർണ്ണമല്ല. അന്യൂനനും സംപൂർണ്ണനുമായതു് ബ്രഹ്മം — ഈശ്വരൻ — മാത്രം. സത്യമെന്ന ഈശ്വരൻ എല്ലാർക്കും ഒന്നേ ആവാൻ വയ്ക്കൂ. ആകയാൽ എല്ലാ മതങ്ങളും തേടുന്നതും ഭജിക്കുന്നതും അനുഭവപ്പെടുത്തുന്നതും ഒരേ ഒരു ഈശ്വരനെത്തന്നെ. ചരിത്രാരംഭം മുതൽ ഭിന്നഭിന്നസ്ഥലകാലാവസ്ഥകളിൽ ജനിച്ചു് ജീവിച്ച മാനവവർഗ്ഗങ്ങളുടെ ഈശ്വരാഭിലാഷങ്ങളും തദന്വേഷണങ്ങളും അപ്രകാരം ബഹുതര സ്വാഭാവിക സ്രോതസ്സുകളായി ഒഴുകിയും മേളിച്ചും വേർപിരിഞ്ഞും ഒടുക്കം ഇന്നു് സുവ്യക്തസ്വഭാവങ്ങളാന്ന നാലഞ്ചു് പ്രധാന ലോകമതങ്ങളായി പ്രവഹിക്കുന്നു. വ്യത്യസ്ത കാലദേശാവസ്ഥകളിൽ ജനിക്കുന്നവർക്കു് ജന്മസിദ്ധവും അതാതു ഭാഷാചാരാദി സ്വഭാവസംസ്കാരങ്ങൾകൊണ്ടു് സവിശേഷവുമായ ഓരോ പ്രാരംഭ സത്യാവലംബനമാണു് അതാതു് ചരിത്രമതങ്ങളുതകുന്നതു് ചോടുചോടായുള്ള തന്റെ അന്വയത്തിന്റെ അഗാധ അബോധതയിൽ കിളർന്നിട്ടുള്ള തന്റെ സവിശേഷമതസത്യങ്ങളിലൂടെത്തന്നെ വളർന്നു്, സർവ്വസമാനമായ ഏക നിർവ്വിശേഷസത്യത്തിലേക്കുയർന്നു് വിരിയുകയാണു് നമ്മളിലോരോരുത്തന്റേയും സ്വധർമ്മം. സ്വധർമ്മം പലപ്പോഴും അനാകർഷകമായിത്തോന്നാം. അതു് നിർവ്വഹിക്കുന്നതിൽ ക്ലിഷ്ടതയും അനുഭവപ്പെടാം. കൊതിക്കുന്ന ഫലം ലബ്ധമാകുന്നില്ലെന്നും വരാം. എന്നിരുന്നാലും സ്വധർമ്മത്തെത്തന്നെ അനുവർത്തിച്ചു് അതിൽ മരണമടയുന്നതാണു് തനിക്കു് ശ്രേയസ്കരവും അന്യർക്കു് അദോഷകരവും.

"സ്വധർമ്മേനിധനം ശ്രേയഃ
പരധർമ്മോഭയാവഹഃ".

എന്ന മനശ്ശാസ്ത്രസിദ്ധവും ബുദ്ധിയുക്തിസഹവുമായ ഈ തത്വം നന്നായറിയുകയാലാണു് ഗാന്ധിജി മതം മാററങ്ങളെ ഒട്ടും അനുകൂലിക്കാതിരുന്നതു്. മൂഢത, ഭ്രമം, പ്രലോഭനം, നിർബ്ബന്ധം: ഇതുകൾവഴി നടത്തപ്പെടുന്ന മതപരിവർത്തനങ്ങളെല്ലാം വ്യർത്ഥവും അബദ്ധവുമാണെന്നു് അദ്ദേഹം ശക്തിയായി വാദിച്ചു. എങ്കിലും തന്റെ മതത്തെപ്പോലെ മററു മതങ്ങളേയും തുല്യനിലയിൽ ബഹുമാനിച്ചു അദ്ദേഹം. "ലോകത്തിലെ പ്രധാന മതങ്ങളെല്ലാം സത്യാത്മകങ്ങളാണു്. എല്ലാം തുല്യമൂല്യങ്ങളുമാണു്. എന്നാൽ അവയെല്ലാം ഒരുപോലെ അപൂർണ്ണങ്ങളുമാണു്" "മതമെന്നമാമരം, അതിന്റെ വിവിധശാഖകൾക്കു ബാഹ്യരൂപസമത്വമില്ലെങ്കിലും, സർവ്വസാമാന്യമായ ഒന്നാണു്. ആ സർവ്വസമാനമതതരുവിന്റെ വിവിധശാഖകളും വള

ന്നുകൊണ്ടിരിക്കുന്നു. അങ്ങനെ വളന്നു വരുന്ന ഒരു പ്രത്യേക ശാഖയിൽ പുലരുന്ന ഒരാൾ "എന്റെ മതമാണു് ഉത്തമം" എന്നഭിമാനിച്ചു പറയുന്നതു ശരിയല്ല. ഒന്നും ഉത്തമമല്ല, ഒന്നും അധർമ്മമല്ല". ഒരു ക്രിസ്ത്യാനി മിഷണറിയുമായുണ്ടായ സംഭാഷണമദ്ധ്യേ ഗാന്ധിജി അപ്രകാരം അഭിപ്രായപ്പെട്ടു.

ഈ സന്ദർഭത്തിൽ ഗാന്ധിജിയുടെ രാമനാമധാരണയെക്കുറിച്ചു ചിലതു പറയാതെ വയ്യ. ഗാന്ധിജിയുടെ പല സംരംഭങ്ങളും പ്രസ്ഥാനങ്ങളുമെന്നപോലെ അദ്ദേഹത്തിന്റെ രാമനാമകീർത്തനവും തൽപ്രചരണവും തെററിദ്ധാരണകൾക്കും കലശലായ എതിർപ്പുകൾക്കും പാത്രമായിട്ടുണ്ടു്. ഈശ്വരൻ എന്നതൊരാളല്ലാ, സത്യമാണു്, മനസ്സാക്ഷിയാണു്, സ്നേഹമാണു് എന്നൊക്കെ നിർവ്വചിച്ച ഗാന്ധിജിതന്നെ, എല്ലാവരുടേയും എല്ലാ കുഴപ്പങ്ങൾക്കും സമാധാനമായി, വിവിധ ദുഃഖങ്ങൾക്കും പ്രതിവിധിയായി, പോരാ ഈശ്വരൻ തന്നെയായി ഇയ്യൊരു നാമത്തെ കൊണ്ടാടുന്നതെന്താണു്? ഗാന്ധിജി ജനങ്ങളുടെ അന്ധവിശ്വാസത്തെ, അഥവാ അവരുടെ എളുപ്പം വിശ്വസിക്കുന്ന മുഗ്ദ്ധസ്വഭാവത്തെ, ചൂഷണം ചെയ്യുകയാണു്. ഇപ്പോൾതന്നെ ധാരാളമുള്ള പലതരം കാപട്യത്തിന്റെ കൂട്ടത്തിൽ പുതിയൊരു കാപട്യത്തിനു ബഹുമാന്യത നല്കുകയാവും ഗാന്ധിജിയുടെ ഈ രാമനാമപ്രചാരണത്തിന്റെ ഫലം. രാജാരാമനും സീതാരാമനും മററുമായ ആളാണോ ഗാന്ധിജിയുടെ ഈശ്വരൻ? ഏവം വിധമായ നിരവധി വിമർശനങ്ങൾക്കു ശരവ്യനായി സ്വപ്രത്യയസ്ഥൈര്യമാന്ന ആ സത്യപരായണൻ. ആ വക വിമർശനങ്ങൾക്കെല്ലാം മറുപടിയായിട്ടു പല ലേഖനങ്ങൾ അദ്ദേഹം എഴുതീട്ടുണ്ടു്. അതുകളിൽനിന്നിവിടെ പ്രസക്തമായ സംഗതികൾ സംഗ്രഹിക്കാം.

"ആദ്യത്തിൽ ഞാൻ രാമനെ സീതാപതിയായിട്ടാണു് അറിഞ്ഞതും ആരാധിച്ചതും. എന്നാൽ അദ്ദേഹത്തെക്കുറിച്ചു് എന്റെ അറിവും അനുഭവവും വളന്നതോടെ എന്റെ രാമൻ ഒരാളല്ലാതായിത്തീന്നു. അദ്ദേഹം അമർത്ത്യനും സാർവ്വത്രികനുമായി. അതിന്നർത്ഥം രാമൻ സീതാപതി അല്ലാതായി എന്നല്ല. സീതാപതി എന്നതിന്നർത്ഥം എനിക്കു രാമദർശനത്തോടൊപ്പം വിപുലമാവുകയാണുണ്ടായതു്. രാമനെ ദശരഥ പുത്രൻ എന്നൊരു ചരിത്രപുരുഷൻ മാത്രമായിട്ടു കരുതുന്ന ആൾക്കു് രാമൻ സാർവ്വത്രികനാവാൻ വയ്യ. എന്നാൽ രാമനെ ഈശ്വരനായിക്കരുതുന്ന ആൾക്കു് പിതാവും പുത്രനും ഒന്നുതന്നെ. ഹിന്ദുമതത്തിൽ ഈശ്വരനു കല്പിക്കപ്പെടുന്ന ആ സകല നാമരൂപങ്ങളേയും പരമാത്ഥത്തിൽ നാമരൂപരഹിതനായ, സാർവ്വത്രികനായ, ഒരേ ഒരു രാമന്റെ ബഹുവിധപ്രതീകങ്ങളെന്നറിഞ്ഞു് ഞാൻ എല്ലാം അംഗീകരിക്കുന്നു. അപ്പോൾ ദശരഥനന്ദനൻ എന്നും സീതാനാഥൻ എന്നും വിശേഷിപ്പിക്കപ്പെടുന്ന രാമൻ എനിക്കു സർവ്വശക്തിമൂലമായ കേവല അദ്വന്ദ്വസത്യമാണു്. തന്നാമം ഹൃദയത്തിൽ നാദിതമാകുമ്പോൾ അതു് ആമയത്രയങ്ങളേയും ദൂരീകരിക്കുന്നു. സൽബോധം നമ്മളിലുദിക്കുമ്പോൾ നമ്മുടെ നിസ്സ്വരമായ അഹം-മമതയ്ക്കു് അറുതിവരും. സർവ്വവും ഇശ്വരൻ മാത്രം എന്നു

നാം വിനീതരാവും അപ്പോൾ. ഈ രാമവിഷയം ബുദ്ധിയുക്തിയേയും കവിഞ്ഞുപോകുന്ന ഒന്നാണു്. ഇക്കാര്യത്തിൽ എന്റെ വിശ്വാസം, അതിന്നുള്ള വില എന്തോ അതിന്നൊത്തു്, ഞാനിവിടെ വിശദമാക്കാൻ ശ്രമിയ്ക്കുകയാണു്. അപ്പോൾ ദശരഥപുത്രനും സീതാകാന്തനും ഭരതലക്ഷ്മണസഹോദരനും ഒക്കെയാണു് രാമൻ എന്നും പറയാം, അല്ലെന്നും പറയാം. അജനും ശാശ്വതനുമായ ഈശ്വരനാണു് രാമൻ. "ഇതെല്ലാം ഓരോ സങ്കല്പം മാത്രം" എന്നു് ചിലർ അപലപിച്ചേക്കാം. അതിന്നു് സമാധാനം, "ശ്രദ്ധാനുസൃതം സിദ്ധി" എന്നേ എനിക്കു് പറയാനുള്ളു."

ഒരു പൊതുപ്രാർത്ഥനാസന്ദർഭത്തിൽ ഗാന്ധിജി ഇങ്ങനെ പ്രസ്താവിച്ചു. "രാമനാമം ചൊല്ലുന്നതിലും "രാംധൂൻ" പാടുന്നതിലും ചിലർക്കിവിടെ പ്രതിഷേധമുണ്ടെന്നു് കാണുന്നു. അതു് ഹിന്ദുക്കൾക്കു് മാത്രമുള്ളതാണു് (അതിനാൽ പൊതുയോഗത്തിൽ പാടില്ല) എന്ന ആക്ഷേപം കേൾക്കുമ്പോൾ എനിക്കുള്ളിൽ ചിരിവരുന്നു. ഹിന്ദുക്കൾക്കു് ഒരു ദൈവം, കൃസ്ത്യാനികൾക്കു് മറെറാരു ദൈവം, മുസൽമാന്മാർക്കും പാർസികൾക്കും വെവ്വേറെ ദൈവങ്ങൾ—അങ്ങനെയുണ്ടോ? സാർവ്വത്രികനും സർവ്വശക്തനുമായ ദൈവം ഒന്നേ ഉള്ളു. ആ ഏകദൈവത്തെ നാമോരോരുത്തരും വെവ്വേറെ നാമങ്ങളാൽ—നമുക്കുററ സാഹചര്യങ്ങൾ മൂലം പരിചയപ്പെട്ട നാമങ്ങളാൽ—വ്യത്യസ്ത രീതിയിൽ അഭിസംബോധനം ചെയ്കയും അനുസ്മരിക്കുകയുമാണു്. എന്റെ രാമൻ—ഈ പ്രാർത്ഥനായോഗത്തിലെ രാമൻ—അയോദ്ധ്യാരാജാവു് ദശരഥന്റെ പുത്രനായ ഒരു ചരിത്രപുരുഷൻ രാമനല്ല. എന്റെ രാമൻ സനാതനനും ജനനരഹിതനും അദ്വിതീയനുമായ ആദിപെരുമാളാണു്—സത്യപ്പൊരുളാണു്. ആ രാമനെ മാത്രമേ ഞാൻ ഭജിക്കുന്നുള്ളു. ഈ രാമനെ എല്ലാർക്കും തുല്യമായി അവകാശപ്പെടാം. എന്നാൽ ഈശ്വരനെ ഇങ്ങനെയൊരു രാമനാമത്തിൽ മാത്രം അംഗീകരിക്കണമെന്നു് ആരും തന്നെ നിർബ്ബന്ധിതരല്ല", ഹിന്ദുമതത്തിൽ വിഷ്ണുവിനെ സഹസ്രനാമങ്ങളാൽ കീർത്തിക്കാറുള്ളതിനെ ഗാന്ധിജി ഉദാഹരിച്ചുകാട്ടുന്നു. ഈശ്വരന്നു് അങ്ങനെ കണക്കായി ആയിരം പേരുകളാണുള്ളതു് എന്നല്ലാ അതിന്നർത്ഥം. പ്രത്യുത, ഈശ്വരൻ നാമ (രൂപ) രഹിതനാണെന്നും അതുകൊണ്ടു് ആയിരമല്ലാ ആയിരമായിരം നാമ (രൂപ)ങ്ങൾ കല്പിക്കാം ഈശ്വരന്നു്, ഭക്തന്റെ ഭാവഭാവനാനുസൃതം, എന്നുമാണതു് കാണിക്കുന്നതു്. സർവ്വസമനായ ഏകദൈവത്തെ താൻ "രാമ" എന്ന ഒരു നാമസങ്കേതത്താൽ അറിഞ്ഞടുക്കുവാൻ ശ്രമിക്കുകയാണു് എന്നേ ഉള്ളു. അതിന്നും കാരണം തനിക്കു് ആ നാമമാണു് പാരമ്പര്യസാഹചര്യങ്ങൾ വഴി ആദ്യംമുതൽക്കു് പരിചയപ്പെടാനും അഭ്യസിക്കുവാനും ഇടയായതു് എന്നു മാത്രമാണു്. ഈശ്വരസംജ്ഞയായി അവനവന്റെ ഇഷ്ടംപോലെ കൈക്കൊള്ളുന്ന എല്ലാ നാമങ്ങളും തുല്യപ്രഭാവങ്ങൾതന്നെ. ഇതിൽ തെല്ലും സംശയം വേണ്ട.

മഹാത്മജി തന്റെ ബാല്യത്തെ അനുസ്മരിച്ചു് വിവരിക്കുന്നു. കുട്ടിയായിരുന്നപ്പോൾ താനൊരു ഭീരുവായിരുന്നു. രാത്രിയിൽ പേടിസ്വപ്നം ക

ണ്ടു് നിലവിളിക്കാതിരിപ്പാനും മററു ഭയപ്പാടുകൾ നീങ്ങാനും അന്നു് തന്റെ അമ്മയെക്കാൾ വാത്സല്യമുള്ളവളും തനി ഗ്രാമീണ എങ്കിലും പാരമ്പര്യമതാചാരങ്ങളിലുള്ള ശ്രദ്ധാനിഷ്ഠയാൽ മനസ്വിനിയും ശീലവതിയുമായിരുന്ന ഒരു വൃദ്ധധാത്രി, തനിക്കുപദേശിച്ചുകൊടുത്തതത്രേ രാമനാമജപം. അന്നതിലുള്ള തന്റെ മുഗ്ദ്ധവിശ്വാസം തനിക്കു് അസ്സലായി ഫലപ്പെട്ടുകണ്ടു. താൻ മുതിർന്നപ്പോഴും ആ നാമജപശീലം വിടാതെ തുടൎന്നുപോന്നു. തുളസീദാസു് രാമായണവും ഭഗവൽഗീതയും പഠിച്ചുതുടങ്ങിയപ്പോഴാണു് താൻ കൈശോരാർജ്ജവത്തിൽ വിശ്വസിച്ചു് ശീലിച്ചുപോന്ന ഈ നാമജപം യുക്തിയുക്തവും അൎത്ഥവത്തുമാണെന്നു് തനിക്കു് ബോദ്ധ്യമായതു്. വാസ്തവത്തിൽ തന്റെ രാമനാമാർത്ഥം തന്നോടൊപ്പം, അഥവാ തന്റെ വിവേകസീമ വിസ്തൃതമാകുന്നതിനൊപ്പം, തന്നിൽ വളരുകയാണുണ്ടായതു്. സത്യതല്പരനായ താൻ ഈശ്വരവിശ്വാസി ആയതും അഹിംസാ ബ്രഹ്മചര്യസാധകനായതും എല്ലാം, തൽസാധനകളാൽത്തന്നെ തന്റെ അന്തരംഗത്തിൽ അധികമധികം അർത്ഥദീപ്തി പ്രസരിപ്പിച്ചുകൊണ്ടിരുന്ന രാമനാമജപത്തിന്റെ സാഹായ്യത്താലാണു്. കഠോരപരീക്ഷണങ്ങൾ, ദുസ്തരപ്രതിബന്ധങ്ങൾ, കനത്ത പരാജയങ്ങൾ, ഇങ്ങനെ പലതും തനിക്കു് നോക്കേണ്ടിവന്നപ്പോഴൊക്കെയും തന്റെ മൗനമായ രാമനാമജപം തനിക്കു് അവിചാരിതവും അത്ഭുതാവഹവുമായ വിധങ്ങളിൽ വെളിച്ചവും പോംവഴിയും സമാധാനവും പ്രദാനം ചെയ്തിട്ടുണ്ടു്. അജനും അവ്യയപ്രഭാവനും അവ്യക്തനുമെങ്കിലും സർവ്വാന്തർഗതനായി സകല ജീവനിലും വിശുദ്ധാത്മഭാവത്തിൽ സമനായി വൎത്തിക്കുന്ന സത്യധൎമ്മസ്നേഹസ്വരൂപനായ ഈശ്വരനെ എളുപ്പത്തിൽ സദാകാലം ഓർത്തോർത്തു് സേവിക്കുവാനുതകുന്ന ഒരു സജീവ പ്രതീകമായിരിക്കുന്നു തനിക്കീ രാമനാമം. തന്റെ മനോവാക്കായ കർമ്മങ്ങളെല്ലാം ഈശ്വരന്റെ ഇച്ഛാനുസൃതം മാത്രം പുറപ്പെടുമാറാകണമെന്നാണു് തന്റെ അഭിലാഷം. അതിനുള്ള നിരന്തരസാധനയായിട്ടു് തന്റെ ഉണർവ്വിലും ഉറക്കത്തിലും എന്നുതന്നെയല്ലാ എല്ലാ ശ്വാസോച്ഛ്വാസത്തിലും ഈ ഈശ്വരനാമം സ്വഹൃദയത്തിൽ ധ്വനിച്ചുകൊണ്ടിരിക്കണമെന്നത്രേ തന്റെ അന്തർഗതം

ഏററവും ആശാസ്യമായ താദൃശാവസ്ഥ സ്ഥായിയായിത്തീരണമെങ്കിൽ വിശ്വാസമചഞ്ചലമാകണം. ശ്രദ്ധസ്വാത്വീകമാകണം. അതിനാകട്ടെ അനഹങ്കാരമെന്ന വിനയം അഭ്യസിക്കുകയും വേണം.

"തൃണാദപി സുനീചേന
തരോരപി സഹിഷ്ണുനാ
അമാനിനാ മാനദേന"

മാത്രമേ ഈശ്വരൻ വഴിപോലെ ഭജനീയനാവുകയുള്ളു. അതിനാൽ ഈശ്വരാഭിലാഷി തന്നെത്താൻ അമാനിയും പുല്ലിനേക്കാൾ താണവനുമാക്കിയും അന്യരെയൊക്കെ ബഹുമാനിച്ചും എന്തും സഹിച്ചും പൊറുത്തും തന്റെ

അഹന്തയെ—ഇന്ദ്രിയമനോബുദ്ധികളിൽ ഒളിഞ്ഞിരിക്കുന്ന ദുരാസദനും ഭക്തന്റെ നിത്യവൈരിയുമായ അഹം—മമാഭിമാനത്തെ—ആ പതിയിരുപ്പിൽ നിന്നെല്ലാം തുരത്തിവിട്ട് വേരറവേ നശിപ്പിക്കുന്നു. എല്ലാരോടും എന്തിനോടും അവ്വണ്ണം താഴ്മ ശീലിക്കുന്ന ഈശ്വരാഭിലാഷി ലോകത്തിൽ കുത്തററവനും കൊള്ളരുതാത്തവനുമായിപ്പോവില്ലേ എന്ന് പേടിക്കേണ്ടതില്ല. കാരണം, ഈശ്വരപാരായണന്റെ വിനയം, ബ്രാഹ്മണനിലും ശ്വപാകനിലും ശ്വാവിലും ഗോവിലും തന്നിലും അന്യനിലും എല്ലാം സമനായി വാണരുളുന്ന തന്റെ ഈശ്വരന്റെ സമദർശനത്തിന്നുവേണ്ടിയുള്ളതാണ്; ആ സമദർശനത്താൽത്തന്നെ വഴിയേ സുധീരസ്ഥിരപ്രജ്ഞതയായി രൂപാന്തരപ്പെടുന്നതുമാണ്. ആ സമ്യക് ദർശനത്തോടെ തന്റെ എല്ലാം പ്രവൃത്തികളും സർവ്വേശ്വരസേവനമായനുഷ്ഠിക്കുന്ന ഭക്തൻ അന്യരിൽ നിന്നുള്ള നിന്ദനപീഡനാദികളിൽ തരുവേക്കാളും സഹിഷ്ണുവും, സ്വകർത്തവ്യനിർവ്വഹണത്തിൽ വജ്രത്തേക്കാൾ ദൃഢകല്പനും, അതേസമയം വെണ്ണ നെയ്യിനേക്കാൾ ദയാർദ്രഹൃദയനും ആയി കർമ്മകുശലനായ യോഗിയായി പരിണതിയെ പ്രാപിക്കുന്നതാണ്. ഇപ്പറഞ്ഞതിന്നെല്ലാം പ്രത്യക്ഷോദാഹരണമായിരുന്നു നാമിവിടെ മനസ്സിലാക്കാൻ നോക്കുന്ന മഹാത്മാഗാന്ധി.

അവനവനെത്തന്നെ വെറും പൂജ്യമാക്കിത്തീർക്കുന്നവനേ ഈശ്വരനെന്ന പൂർണ്ണസത്യത്തിൽ ഐക്യം പൂണ്ട് മുക്തനാവാൻ പററൂ എന്ന് ഗാന്ധിജി പലവുരു പറഞ്ഞിട്ടുണ്ട്. അറിവേറുന്നവൻ വിനീതനാവുന്നു. എന്നാൽ വിനയമുള്ളവനേ അറിവേറുകയുള്ളു. അതിനാൽ ഒരു വിനയം, വണക്കം, ആദ്യംതൊട്ടുതന്നെ അഭ്യസിക്കേണ്ടിയ ഗുണമാണ്. ആരെ, എന്തിനെ, വണങ്ങണം? സനാതന ധർമ്മശബ്ദമായ വേദം ഹൃദയത്തിൽ മന്ത്രിക്കുന്നു.

"മാതൃദേവോ ഭവ!
പിതൃദേവോ ഭവ!
ആചാര്യദേവോ ഭവ!"

ഏതു് ജാതിമതത്തിൽപ്പെട്ട ആൾക്കും ആദ്യമേ സ്വയമേവ സിദ്ധിക്കുന്ന ആരാധ്യരാണ് സ്വന്തം അമ്മയച്ഛന്മാർ—അഥവാ മാതൃപിതൃ ഭൂതരായവർ. സ്വന്തം അമ്മയച്ഛന്മാരോടുള്ള സ്നേഹത്തെ സൂചന ഒരു വണക്കമാക്കി പ്രയോഗിക്കാവുന്നതാണ്. അകമാർന്ന വണക്കത്തോടെ തന്റെ മാതൃപിതൃഭൂതരെ അനുസരിച്ച് തനിക്ക് കഴിയുംപോലും കായേന മനസാ വാചാ പരിചരിച്ചും വൃതിരുന്ന ആൾക്ക് തന്റെ ഈ വിനയസ്വഭാവത്തെത്തന്നെ തനിക്ക് സദ്‌വിദ്യ ഉപദേശിക്കുന്ന ഗുരുനാഥന്മാർ, മററ് ഉപകർത്താക്കൾ, എന്നിവരിലേക്കും അക്ലിഷ്ടമായി വ്യാപിപ്പിക്കാവുന്നതാണ്. അങ്ങനെ അറിവും വിനയവും അന്യോന്യപ്രവർദ്ധകമാക്കിത്തീർക്കാം. സ്വന്തം മാതാപിതാക്കളെക്കുറിച്ചുള്ള മനോജ്ഞഭാവനയെത്തന്നെ—ഗാന്ധിജിയോട് ഉദാഹരിച്ചമാതിരി—ഒരഖിലമാതൃപിതൃത്വത്തെപ്പററിയുള്ള സൽഭാവനയായി അകൃത്രിമമായി വികസിപ്പിക്കാം. തന്റെ അറിവും വിനയവും തന്നു

# നാരായണീയം

എ. ആർ. മേനോൻ

## 74-ാം ദശകം

1 മദ്ധ്യാഹ്നം കഴിയെ ബ്ഭവാൻ മധുരയിൽ പൂങ്കാവു ചേർന്നങ്ങവെ—
ച്ഛാഹാരാദി കഴിച്ചു മിത്രസഹിതൻ പോന്നൂ പുരം കാണുവാൻ
ഏറെക്കേട്ടോരു കണ്ണുകാണുവതിനായുന്നം ജനത്തിൻെറ മുൻ—
പുണ്യൗഘങ്ങലയാൽ വലിച്ചവിധമാ വൻപാത ചേർന്നൂദ്രുതം

---

ള്ളിൽ തോന്നിക്കുന്നതിനെന്നാത്തു് ഒരഖിലജഗന്മാതാവിനെ, അഥവാ അഖിലജഗൽ പിതാവിനെ, സത്യസങ്കല്പം ചെയ്യുന്ന ആൾക്കു് പിന്നീടു് ജീവിതത്തിലുണ്ടാകാവുന്ന സുഖദുഃഖങ്ങളും ലാഭാലാഭങ്ങളും ജയാപജയങ്ങളും മാനാപമാനങ്ങളും എല്ലാം അനുദ്വേഗം സഹ്യമായിത്തീരും. ഏതൊരു കഠിനസങ്കടാവസ്ഥയിലും തനിക്കു് സംശ്രയസ്വാസ്ഥ്യം തൻെറ ഈ അന്തരംഗസത്യ സങ്കല്പത്തിൽ നിന്നുതന്നെ ലഭിക്കുമാറാവും. ഇതത്രേ ഈശ്വരവിശ്വാസത്തിൻെറ ഉപപത്തി.

• നന്നെ ചെറുപ്പത്തിൽത്തന്നെ പൌരാണിക ഹരിശ്ചന്ദ്രകഥയിൽ പ്രചോദിതനായി, മോഹനദാസ് കരംചന്ദ്, സത്യമെന്ന ശബ്ദത്തിൽ അനന്യഭക്തിയായി വശായി. എന്തു് ദുഷ്ഘടങ്ങളും സങ്കടങ്ങളും നേരിട്ടാലും താനുമാസുചരിതനെപ്പോലെ സത്യവാനായിരിക്കണമെന്ന ആഗ്രഹം ആ കുമാരനിൽ അങ്കുരിച്ചു. തൻെറ വാക്കുകളും പ്രവൃത്തികളും വിചാരങ്ങൾ പോലും സത്യനിഷ്ഠമാകണമെന്നു് കരുതിക്കൊണ്ടു് മുതിരുന്ന ആ യുവാവിന്നു് വഴിയേ മനസ്സിലാവാൻ തുടങ്ങി ഈ ദ്വ്യക്ഷരമാത്രമായ ലഘുപദം എത്രമാത്രം ദുർഗ്രഹാർത്ഥമാണു് എന്നു്, ബഹുവിധ വിഘ്നങ്ങളും ധർമ്മസങ്കടങ്ങളും നേരിടുന്നു, പല വിഭ്രമങ്ങളും ഭീമാബദ്ധങ്ങളും പററിപ്പോകുന്നു, രേഖാമാത്രം സത്യമാർഗ്ഗത്തിൽ നിന്നു് തെററാതെ സഞ്ചരിക്കുവാൻ ഉദ്യമിക്കുന്നവന്നു്. സത്യമെന്തു്, ഏതു്? അതിവിടെ എങ്ങനെ അനുഷ്ഠിക്കണം? എന്നെല്ലാം സന്ദിഗ്ദ്ധമാകുന്ന സന്ദർഭങ്ങളിൽ നിർണ്ണായകതത്വമെന്തു്? ശ്രദ്ധാഭക്തിയുക്തന്നു് സകല പ്രശ്നങ്ങൾക്കും സമാധാനം കാണാൻ കഴിയും.

2 നിൻപാദങ്ങൾ കണക്കെ രാഗസുഭഗം, നേത്രങ്ങൾ പോൽ ലോലമായ്
കായംപോലെ പയോധരഭൃതിയുതം, വക്ഷസ്സുപോൽ ഹാരിയായ്
കേശംപോലെ കലാപിയായി, ഹസിതംപോലേററവും സ്വച്ഛമായ്,
രാജസ്ഥാനപുരന്ധ്രിസംഹതിതദാച്ചേർന്നു മുദാ കാണുവാൻ

3 മോദംനൽകി ഭവാനപാംഗചലനാൽ, സന്തുഷ്ടരായ് നാട്ടകം–
രപ്പോളത്രകടന്നുപോം രജകനോടർത്ഥിച്ചു നീയാടകൾ
“പോ, പോ, രാജദുകൂലമാരുതരുവാ”നിത്യാദി നീ കേട്ടവൻ–
കണ്ഠം നുള്ളിനിലത്തെറിഞ്ഞു തരസാ, സായൂജ്യമാന്നാനവൻ

4 തുന്നൽക്കാരനുദാരധീയുചിതമാം വേഷം ഭവാന്നേകവേ
സായൂജ്യം പകരം ലഭിച്ചു, തനുഭൃത്‌പുണ്യത്തെയാർ കണ്ടവൻ
ഹാരം പൂക്കളുമേകി സംസ്തുതികളാൽ പൂജിച്ച പൂക്കാരനും
ചോദിച്ചു തവ പാദഭക്തിയതു നീ നൽകീ പരൈശ്വര്യവും.

5 മാർഗ്ഗകുബ്‌ജസരോജലോചന ഭവാന്നർപ്പിച്ച നൽചന്ദനം–
തച്ചിത്തേമഹദംഗരാഗമവിടുന്നുണ്ടാക്കയും ചെയ്തുപോൽ
ഉള്ളത്തിൽ സ്ഥിതമാമൃജുത്വമവൾ തൻദേഹത്തിലും കാട്ടുവാൻ
കയ്യാലങ്ങു പിടിച്ചയത്തി, വളവും തീർന്നു, ജഗത്‌സുന്ദരി

6 നിൻമാഹാത്മ്യത്തെയറിഞ്ഞു പാപമധികം ചെയ്യാത്ത സന്മാർഗ്ഗികൾ
ശക്തിക്കൊത്തവിധത്തിൽ വെററിലസുമം തൊട്ടുള്ളതർപ്പിച്ചതേ
പൂർവ്വം മറേറാരുവസ്തുവോ കരമതിൽ ചേർത്തന്നുകൈക്കുമ്പിനിൻ–
മാർഗ്ഗേനില്ലതിനായതില്ലയതിനാലിപ്പോളെനിക്കാമയം

7 പിന്നീടെത്തുവാനെന്നു നീയവളെ വിട്ടാലും വിയോഗം ഭയ–
ന്നേറെദ്ദൂരമവേക്ഷിതൻ ക്രമശമായ് പ്രാപിച്ചു നീ ഗോപുരം
ഘോഷം കേട്ടുതവാഗമത്തെയറിവായ് ഹർഷിച്ചു മാതാവുതൻ
മാറിന്നൂറിയൊലിച്ച പാലിനുസമം നിൻകീർത്തിയുറപ്പ്ക്കതേ

8 പിന്നെത്തത്ര മഹോത്സവങ്ങളിയലും വിൽക്ഷേത്രമെത്തുമ്പോൾ നിൻ
തേജോധർഷിത രക്ഷിപൂരുഷരഹോ ദൂരത്തൊഴിച്ചു വഴി.
സ്രുക്‌പൂജാദികഴിഞ്ഞവില്ലിനെ ജനംവേണ്ടെന്നു ചൊല്ലുന്നമുൻ
പെട്ടെന്നുക്കൊടെടുത്തു, കെട്ടിസുദൃഢം, കർഷിച്ചു, പൊട്ടിച്ചു നീ.

9 നാളെക്കംസവധക്കളിക്കരുമയാം കേളിപ്പുറം പോലെയാം
ചാപം പൊട്ടിയ ഘോരഘോഷമതിനാൻ ദേവക്കു രോമഞ്ചമായ്
കംസൻപോലുമഹോ വിറച്ചു ധൃതിമാൻ, വിൽതുണ്ടിനാലാഹത-
ന്മാരായോരുടെ രോദനാൽ നൃപഭയം വർദ്ധിക്കയും ചെയ്തതേ.

10 നല്ലോർപ്രീതിയോടനുരാകുലതയാൽ നിൻ വൈഭവം കാങ്കയായ്,
സോല്ലാസം പുരശോഭകണ്ടു പവനം പൂകീ ഭവാൻ സന്ധ്യയിൽ
ശ്രീദാമാവൊടു രാധതന്റെ വിരഹം ചൊല്ലീട്ടുറങ്ങിപ്പുനഃ
സോദ്ദേശം ഫലമായതിൽ പ്രമുദിതൻ വാതേശനാണാശ്രയം

## 75-ാം ദശകം

1 ത്രസ്തക്ഷോണീശവാചാ പുലരിയിലവിടെത്തൂര്യ്യഘോഷം മുഴങ്ങി
ഭൂപൻ, സാമന്തർ, നന്ദാദികളുമവരവർക്കുള്ളമഞ്ചങ്ങളേറി
അങ്ങുന്നും ഭ്രാതൃയുക്തൻ സഹൃദയയുതനായ് ഭംഗിയിൽ കെട്ടി വേഷം
രംഗദ്വാരം ഗമിച്ചു കുപിതകുവലയാപീഡമത്തേഭമുൾപ്പത്തം

2 "പാപാത്മൻ! മാറിനിൽക്കെ"ന്നിതിതവ വചസാ നിഷ്ഠൂര ക്രൂരനാകു-
ന്നാംബഷ്ഠൻ പ്രേരണം ചെയ്തതിജവമെഴുമാനാഗമങ്ങെഗ്രഹിച്ചും
കേളീമുക്തൻ ഭവാനും പ്രിയയുടെ കുചമായ്മത്സരിക്കുന്ന ദന്തീ-
കുംഭത്തിൽ തച്ചതിൻ കാൽക്കിടയിലഥ മറിഞ്ഞിട്ടു ചാടീ സഹാസം

3 യോഗിക്കെത്തീടുമെന്നാകിലുമതിനഗമൻ നീ കുറച്ചോടിഭ്രമൌ
ദന്തം കുത്തിച്ചു പിന്നീടതു സവിധമടുത്തീടവേ കൊമ്പുരണ്ടും
വേരോടൂരിത്തദന്തർഗ്ഗതവിലമതിയാം മുത്തെടുത്താപ്തഹസ്ത
നൽകീ നൻമാല തീർത്തിട്ടതിനെ ദയിതയാം രാധികക്കേകെ കെന്നായ്

4 അംസത്തിൽ ദന്തമേന്തിസ്സഹജസഹിതനായ് രംഗമദ്ധ്യത്തിലെത്തും
നിൻകല്യാണാംഗശോഭാപഹൃതനയഹൃത്തുക്കളാം പൌരരോതീ

"നന്ദൻതാൻ ഭാഗ്യശാലീ, വ്രജയുവതികളും, ണല്ലനന്ദന്റെ പത്നീ
യല്ലല്ലാനന്മളാണീയവനിയിൽനയനത്തിന്റെ സാഫല്യമാന്നോൻ

5 പൂർണ്ണാനന്ദ പ്രകാശത്തൊടുധരണിയിൽനീഗോപമദ്ധ്യത്തിൽ സാക്ഷാൽ
പൂർണ്ണബ്രഹ്മം വിളങ്ങീ ജനതതിയിതറിഞ്ഞില്ല കഷ്ടം തദാനീം
പുണ്യം മൂത്തപ്പൊളാരും തവപദയുഗസന്ദർശനാൽ പാപമററോർ
പൂർണ്ണാനന്ദാൽ സ്മരിച്ചു തവഗുണകഥയെപ്പാടി നാരാത്തമോദം

6 ചാണൂരൻ, മുഷ്ടികാഖ്യൻ, നരപതിവചനാൽ രണ്ടുമല്ലപ്രവീരർ
മുഷ്ട്യായുദ്ധം തുടങ്ങീ ഝടഝടരവമായ് നിന്നോടും രാമനോടും
മല്ലന്മാർക്കുള്ള നാനാമുറകളുമവിടെക്കണ്ടതാശ്ചര്യമല്ലാം
ചാണൂരൻ ബന്ധമോക്ഷങ്ങളെ പലകുറിയും പററി ചാവുന്നമുമ്പേ

7 ഹാ കഷ്ടം രണ്ടു ബാലർ മൃദുലളിതരഹോ മല്ലരോദാരുണന്മാർ
കാണേണ്ടാ പോയിടാമെന്നവിടെ സകലരും ദുഃഖമോടാക്കവേ നീ
കയ്യാലെന്തിച്ചുഴററി പ്രഥമനെ തറ മേലിട്ടടിച്ചങ്ങു കൊന്നു
മുഷ്ടീകൻ ചത്തരഞ്ഞു ഹലിഭുജയുഗളേ പാഞ്ഞുപോയ് മററുമല്ലർ

8 കംസൻ വാദ്യത്തെനിൎത്തീ തവ പിതൃനിധനത്തിന്നു കല്പിച്ചു മൌഢ്യം-
ലെങ്ങും വ്യാപിച്ചുനിന്നെജ്ജനപദമതിൽ നിന്നോട്ടുവാനും വിധിച്ചു.
ദുർവ്വാക്യം കേട്ടുഗോപാൽ ഖഗപതി മലമേൽപോലെ നീ ചാടിമഞ്ചേ
വാരംവീശിശ്ശൃഹൃന്നല്ലാതെഴമവനെ ഹാരാൽ ചെന്നുഗാഢം പിടിച്ചു.

9 സന്ധിക്കെട്ടററ രാജാവിനെയവനിയതിൽ തള്ളി പിന്നീട
വന്നേ-
ലങ്ങുന്നും ചാടിയപ്പോരം തവശിരസിമുദാ ദേവർ പുഷ്പങ്ങരം
തൂകീ
എന്തോതാം നിന്നിൽമാത്രം ഭയമൊടുഹൃദയം വെച്ചു സായൂ
ജ്യമാർന്നു
മുന്നം നീകാലനേമിക്കരുളിയ വധസഭാവസംശിഷ്ടമത്രേ.

10 കംസഭ്രാതാക്കരെളക്കൊന്നഥ പിതൃചരണേവീണു കുമ്പിട്ടു
നിങ്ങരം
വാഴിച്ചാരുഗ്രസേനനാഖ്യനെ നൃപതിപദേ, യാദവക്കിഷ്ട
മേകി
ഭക്തോത്തംസോദ്ധവൻതാൻ സുരഗുരുനികടേ നീതിവായിച്ചു
തോഴൻ
മന്ത്രിസ്ഥാനം വഹിച്ചു, മധുരയിൽ സുഖമായ്‌വാണ
വാതേശ! പാഹി

## 76-ാം ദശകം

1 സർവ്വജ്ഞൻ നീ ദിനമറുപതും നാലുമായ് സർവ്വവിദ്യാ-
ജാലം സാന്ദീപനിയുടെ മഹാൽസംഗ്രജൻ പാഠമാക്കീ
നഷ്ടപ്പെട്ടാസ്സുതനെ യമനോടങ്ങു കല്പിച്ചുവാങ്ങി-
ദ്ദാനംചെയ്തു ഗുരുവിനു, പുരംപൂകി, ശംഖംമുഴക്കീ

2 രാഗാവിഷ്ടപ്രിയതമകളെപ്പററി ചിന്തിച്ചോരിക്കൽ
കാരുണ്യാർദ്രൻ തിരുവടിയയച്ചുദ്ധവൻ ദൂതുപോയീ
ഏതന്മൂലം പരമസഖിയാം ഭക്തവര്യന്നു ലോക-
ത്തെങ്ങും കാണാത്തിവരുടെ പരാഭക്തിയെക്കാട്ടുവാൻ താൻ

3 സായാഹ്നേ നിൻമഹിമയറിയിക്കുന്ന ഗോവാടിയെത്തി-
ത്തോഷിപ്പിച്ചു തവകഥകളാൽ നന്ദനെപ്പത്നിയേയും
കാലേ ഗോപീജനമൊരുരഥം കണ്ടു ശങ്കിച്ചുകേട്ടു
നിന്നാളാണെന്നവരഖിലരും വേലവിട്ടോടിയെത്തീ

4 വേഷക്കോപ്പാൽ തവസദൃശനായ് രമ്യനാം മന്ത്രിയെക്ക-
ണ്ടോരോന്നോർത്തു തവവിലസിതം വാക്കപൊങ്ങീല താപാൽ
സൌജന്യത്തെ സ്വപരമിതിഭേദത്തെയും തീരെവിട്ടാർ
പിന്നീടോതീ സ്വരമടറിയാം നാരിമാർ മന്ദമന്ദം

5 “നിഷ്കാരുണ്യൻ പിതൃജനതിരസ്കാരകയച്ചു ഭവാനെ,
പൌരസ്ത്രീണാം രമണനവിടെ,ക്കാക്കണേ ജീവനാഥ!
നിന്നാശ്ലേഷം കളിവചനവും ചുംബനംചാപല്യമേററി–
ട്ടുന്മാദത്താലിതുകളെ മറന്നീടുവാൻ വയ്യതന്നെ

6 രാസക്രീഡാസമയമഴിയും രമ്യകേശങ്ങളോടും
മന്ദം പൊങ്ങും ശ്രമസലിലവുംകൊണ്ടു കാന്തം ത്വദംഗം
ആശ്ലേഷിപ്പാനൊരുതവണയും കൂടികാട്ടീടുകെന്നാ
യോഷിദ്വൃന്ദം മതിയിൽ വെളിവില്ലാതെയാർത്തു നിതാന്തം

7 ദുഃഖിച്ചീടും വനിതകളിൽ നിൻജ്ഞാനവിജ്ഞാനദൌത്യാൽ
സ്വാസ്ഥ്യംചേർത്തി പ്രമുദമുളവാക്കീടിനാനുദ്ധവൻ താൻ
പിന്നേയും തന്മയികളവരെ തൽക്കഥാലാപനത്താ–
ലാനന്ദിപ്പിച്ചവിടെ സരസം സ്വല്പകാലം വസിച്ചു.

8 എല്ലാപ്പോഴും തവചരിതമാം വ്രജാലിമദ്ധ്യേ സുഗാനം,
തമ്മിൽച്ചൊൽവാൻ തവകഥയുറക്കത്തിലും നിന്റെവാർത്ത,
കർത്തവ്യം നിന്നനുകരണമാം, നിന്മയം തന്നെയെല്ലാ–
മേവം കണ്ടായുദ്ധവരനഹോ വിസ്മയിച്ചമ്പരന്നു

9 “രാധക്കേററം പ്രിയമിത,വളീമട്ടിലാം ചൊൽവതെന്നോ,–
ടെന്താമൌനം പ്രണയകലഹം പൂണ്ടൊരെൻ രാധപോലെ
എന്നീമട്ടിൽ തവരമണനേകാന്തമായോതുമെന്നോ”–
ടിത്ഥം ചൊല്ലിബ്ഭവദനുചരൻ രാധയെത്തൃപ്തയാക്കി

10 ശീഘ്രംചേരാമിവിടെ ബഹുകാര്യങ്ങളാൽ താമസിച്ചേൻ
വേർപ്പെട്ടാലും ദൃഢനിനവുകൊണ്ടൊട്ടുമേ വേണ്ട ഖേദം
ബ്രഹ്മാനന്ദം വരുമളവിലീ ചേർച്ചവേർവാടുമെല്ലാ–
മൊന്നാണെന്നീ തിരുമൊഴിപറഞ്ഞാററിനാൻ സർവ്വതാപം

11 ഏവംഭക്തിത്രജഗതിയിൽ ഞാൻ മുമ്പു കണ്ടില്ലകേട്ടി–
ല്ലെന്തീശാസ്ത്രം യമനിയമവും ഗോപികാൾക്കായ് നമിപ്പേൻ
ആനന്ദത്തോടിതിഹൃദി നിനച്ചുദ്ധവൻ വന്നനേര–
ത്താഹ്ലാദിച്ചു ഗുരുപുരപതേ! പാഹിമാം സർവ്വരോഗാൽ

— * —

# പുരുഷാൎത്ഥവും ബലവും

*കെ. എം. നായർ*

ലോകത്തിൽ അപൂൎവ്വം ചില വ്യക്തികളുണ്ടു്; അവൎക്കു് ഏതാപത്തിനേയും നേരിടുന്നതിൽ കൂസലില്ല; ഏതു ക്ലേശങ്ങളേയും സഹിക്കുന്നതിൽ സങ്കോചമില്ല; മരണം തന്നെ തൻെറ ഭീകര വക്ത്രവും പിളൎന്നു് അട്ടഹസിച്ചു് മുമ്പിൽ ചാടി വീണുകൊള്ളട്ടെ; അവർ നിൎഭീകരായി അചഞ്ചലരായി നിലകൊള്ളും; തങ്ങളുടെ ഉൽകൃഷ്ടാദൎശങ്ങളേയും സിദ്ധാന്തങ്ങളേയും സംരക്ഷിക്കാൻ വേണ്ടി അവർ മരണത്തെ വെല്ലുവിളിക്കും. ഈ ഗുണവിശേഷത്തെയാണു് പുരുഷാൎത്ഥം അഥവാ സാഹസം എന്നു് ഉൽഘോഷിക്കപ്പെടുന്നതു്.

അപ്പോൾ കാട്ടുമൃഗങ്ങൾക്കും ഈ ഗുണമില്ലേ? അവയ്ക്കു് പേടിയുണ്ടോ? അവ തങ്ങളുടെ അഭീഷ്ടങ്ങൾ നേടാൻ എന്തു് ക്ലേശങ്ങളും സഹിക്കുന്നില്ലേ? മരണത്തെ വകവെക്കാറുണ്ടോ? നായാട്ടുനായ്ക്കളെ നോക്കു. എന്തൊരു ധൈൎയ്യം? അവ ഭീകരങ്ങളായ വന്യജന്തുക്കളുടെ ഇടയിലേക്കു് ചാടി വീഴുന്നു; തന്നേക്കാൾ എത്രയോ ഇരട്ടി ശക്തിയുള്ള അവയോടു് പിന്മാറാതെ പൊരുതുന്നു; ചത്താലും പിടി വിടാൻ ഭാവമില്ല. ഇതിനും പുരുഷാൎത്ഥമെന്നു് പറഞ്ഞുകൂടെ?

മനുഷ്യനും മൃഗവും തമ്മിൽ വളരെ വളരെ അന്തരമുണ്ടു്. മനുഷ്യനു് വിശേഷബുദ്ധിയുണ്ടു്. മൃഗത്തിനതില്ല. അതു് ക്രോധം, വിശപ്പു്, മുതലായവ ഉണ്ടാവുന്ന സന്ദൎഭങ്ങളിലും ആത്മരക്ഷ വേണ്ട സമയത്തും മരണത്തിൻെറ മുമ്പിലേക്കു് കുതിച്ചുചാടാൻ ലവലേശം മടിക്കുന്നില്ല. ഇന്നപ്രവൎത്തനംകൊണ്ടു് ഇന്ന ഫലമാണുണ്ടാവുകയെന്നു് തീരുമാനിക്കാനുള്ള ബുദ്ധിവിശേഷം അതിനില്ലതാനും. അതിൻെറ എല്ലാം പ്രവൎത്തനങ്ങളും കേവലം സ്വാൎത്ഥമാകയാൽ ജീവിതത്തെ ബലിയൎപ്പിക്കുന്നതു് ഏതെങ്കിലും സ്വാൎത്ഥപ്രതിപത്തീനിമിത്തമാവില്ല. ശാശ്വതമായ ചില നല്ല ആദൎശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും വേണ്ടിയായിരിക്കും.

വിചാരയുക്തമായ സാഹസത്തിൻെറ മറെറാരു പൎയ്യായമാണു് പുരുഷാൎത്ഥം. പുരുഷാൎത്ഥസിദ്ധി മനുഷ്യനു് മാത്രം ഉണ്ടാവുന്ന ഒരു മഹാഗുണമാണു്. പുരുഷാൎത്ഥം അവനു് നല്കുന്ന ശക്തി അമേയമത്രെ. അതു് കൎത്തവ്യത്തിൻെറ മുമ്പിൽ അവനെ അചഞ്ചലനും ധീരനുമാക്കി നിൎത്തുന്നു; മരണത്തിൻെറ മുമ്പിൽ കൂസൽകൂടാതെ ചാടിവീഴുവാൻ കരുത്തു് നല്കുന്നു.

ശിബി ചക്രവർത്തിയെപ്പററി നാമേവരും കേട്ടിരിക്കും. ഒരു പ്രാവിന്റെ ജീവൻ രക്ഷിക്കുവാൻ വേണ്ടി സ്വന്തം ദേഹത്തിൽനിന്നു് മാംസമരിഞ്ഞു് തള്ളിയ അദ്ദേഹത്തിന്റെ സ്വാർത്ഥപരിത്യാഗം എത്രയെത്ര പാവനമായതാണു്? പ്രഹ്ലാദൻ—തന്റെ ആദർശങ്ങളേയും സിദ്ധാന്തങ്ങളേയും സംരക്ഷിക്കുവാൻ വേണ്ടി സഹിച്ചിട്ടുള്ള ക്ലേശങ്ങൾക്കു് അതിരുണ്ടോ? പർവ്വതത്തിന്റെ കൊടുമുടിയിൽ നിന്നു് താഴോട്ടുതട്ടപ്പെട്ടു; കടലിൽ എറിയപ്പെട്ടു; മത്തഗജങ്ങളാൽ ചവിട്ടിയരപ്പിക്കപ്പെട്ടു; തീയിലേക്കെറിയപ്പെട്ടു. എന്നിട്ടോ എന്തുണ്ടായി? പ്രഹ്ലാദന്റെ ആദർശങ്ങളും സിദ്ധാന്തങ്ങളും കൂടുതൽ സുദൃഢങ്ങളായി. അദ്ദേഹത്തിന്റെ ആ സാഹസത്തിനോടു് വിലമതിക്കാവുന്ന മറെറന്തുണ്ടു്?

രജപുത്താനയിലെ സിംഹമായിരുന്ന റാണാ പ്രതാപസിംഹന്റെ ചരിത്രം ആരെയാണു് അത്ഭുതം കൊള്ളിക്കാത്തതു്? ഡൽഹിയിലെ ചക്രവർത്തിയായിരുന്ന അക്ബർ ബാദുഷായുടെ മുമ്പിൽ എല്ലാം രജപുത്രവീരന്മാരും മുട്ടുകുത്തി. ചക്രവർത്തിയുടെ പ്രതാപത്തിൽ തങ്ങളുടെ ഏതു് സാഹസവും വിലപ്പോവില്ലെന്ന ബോധം അവർക്കുണ്ടായിരുന്നു. ഭീരുക്കളായ അവരെ പിന്തുടരുകയല്ല പ്രതാപസിംഹൻ ചെയ്തതു്. അദ്ദേഹം എന്തുചെയ്തും തന്റെ ആത്മാഭിമാനത്തേയും മാതൃഭൂമിയേയും രക്ഷിക്കാൻ തീർച്ചയാക്കി. നരകവേദനകളും കടുത്ത ക്ലേശങ്ങളും സഹിച്ചുകൊണ്ടു് അദ്ദേഹം വളരെക്കാലം കാട്ടിലും മേട്ടിലും അലഞ്ഞുതിരിഞ്ഞു. മരണംവരെ അക്ബർ ചക്രവർത്തിയുടെ മുമ്പിൽ തലകുനിക്കാതെ അദ്ദേഹം സുധീരം പടവെട്ടി.

ഈ ഉദാഹരണങ്ങളിൽ നിന്നു് രണ്ടുകാര്യങ്ങൾ വ്യക്തമാവുന്നുണ്ടു്. ജീവനേക്കാളും സുഖത്തേക്കാളും ഉപരിയായി മനുഷ്യൻ പ്രേമിക്കുന്ന ചില ഗുണവിശേഷങ്ങളുണ്ടെന്നും അവക്കുവേണ്ടി സ്വന്തം ജീവൻപോലും സസന്തോഷം ബലിയർപ്പിക്കാൻ അവൻ സന്നദ്ധനാണെന്നുമാണു് ഒന്നു്. രണ്ടാമത്തേതാകട്ടെ എന്തെല്ലാം ശരീരക്ലേശങ്ങൾ ഉണ്ടായാലും അതാത്മാവിന്നു് ബാധകമല്ല. അവസാനം കളവല്ല, സത്യം ജയിക്കുന്നു; ശരീരമല്ല, ആത്മാവു് ജയിക്കുന്നു. മനുഷ്യനെ ശക്തനാക്കുന്നതിൽ ശാരീരികബലത്തിന്നു് വലിയ പങ്കൊന്നുമില്ല. ആത്മീയബലമാണു് അവനെ അജയ്യനും അചഞ്ചലനുമാക്കി കർമ്മോന്മുഖനാക്കുന്നതു്.

ശരീരവും ആത്മാവും തമ്മിലുള്ള അന്തരമുണ്ടു് ശരീരശക്തിക്കും ആത്മബലത്തിന്നും തമ്മിൽ. ആത്മീയബലം മനുഷ്യനെ പഠിപ്പിക്കാത്ത തത്വമൊന്നും തന്നെയില്ല. അതവനെ ആപത്തുകളും ക്ലേശങ്ങളും അനിത്യങ്ങളാണെന്നും സത്യത്തിന്റെ പാവനമാർഗ്ഗത്തിലൂടെ കാലിടറാതെ സുധീരം മുന്നോട്ടു് പോകണമെന്നും പഠിപ്പിക്കുന്നു.

“നിന്ദന്തു നീതിനിപുണാഃ യദി വാ സ്തുവന്തു
ലക്ഷ്മീസ്സമാവിശതു ഗച്ഛതു വാ യഥേഷ്ടം

# “ഹൈന്ദവസംസ്കാരത്തിന്റെ സ്വരൂപം”

ആത്മാരാമൻ കടമ്പനാൽ

## ഹൈന്ദവസംസ്കാരവും രാമായണവും

ഹൈന്ദവസംസ്കാരത്തിന്റെ സ്വരൂപത്തെപ്പററി നിരൂപണം ചെയ്യുമ്പോൾ, അതിന്നു ആദ്യമായി നാം അംഗീകരിക്കേണ്ട പ്രാമാണിക ഗ്രന്ഥം രാമായണമാണു്. രാമായണത്തെപ്പോലെ ഹൈന്ദവാദർശങ്ങൾ നിറച്ചുവ

---

അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായാൽ പഥ: പ്രവിചലന്തി പദം ന ധീരാ:”

നീതിനിപുണന്മാർ നിന്ദിക്കട്ടെ; അല്ലെങ്കിൽ സ്തുതിക്കട്ടെ ഐശ്വര്യം ഉണ്ടാകട്ടെ; അഥവാ തന്റെ ഇഷ്ടംപോലെ അതു് പൊയ്ക്കൊള്ളട്ടെ. ഉടൻ തന്നെ മരണം സംഭവിക്കട്ടെ; അല്ലെങ്കിൽ യുഗാന്തരത്തിലാവട്ടെ. എന്തുതന്നെ ആയാലും ന്യായമായ മാർഗ്ഗത്തിൽനിന്നു് ധീരന്മാർ ഒരടിപോലും മാറുകയില്ല. ഇതാണു് ആത്മീയബലം.

മനുഷ്യൻ മനുഷ്യനാകാൻ അവൻ ആത്മീയമായ ബലം നേടിയേ കഴിയൂ. പ്രായേണ അതിന്നാരും മിനക്കെട്ടുകാണാത്തതു് ദയനീയം തന്നെ. ശാരീരികബലത്തിന്നു് പ്രാധാന്യം കാണുന്ന അജ്ഞതയാണു് സർവ്വത്ര. അപ്പോൾ എങ്ങിനെയാണു് മനുഷ്യനിലെ മൃഗം നശിക്കുക?

ഉന്നതാദർശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും വേണ്ടി ആർ നിരന്തരം ത്യാഗം ചെയ്യാൻ മടിക്കുന്നില്ലയോ അവനാണു് ധീരൻ. മരണത്തെ ഭയപ്പെട്ടുകൊണ്ടുള്ള ജീവിതം മരണംതന്നെ. ആത്മബലത്തിനല്ലാതെ ഭയത്തെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല.

ചരിത്രവിഖ്യാതനായ തിമൂർ ഇന്ത്യയിലേക്കു് വരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കൈവശം പട്ടാളക്കാരേക്കാൾ അധികം തടവുകാരാണുണ്ടായിരുന്നതു്. രണ്ടോ മൂന്നോ ഭടന്മാർ മുന്നൂറും നാന്നൂറും തടവുകാരെ വീതം കീഴിൽ ഒതുക്കി നിർത്തിയിരുന്നു. എന്താണിതിന്റെ രഹസ്യം? ആ രണ്ടോ മൂന്നോ പേരിൽ ശാരീരികവും ആത്മീയവുമായ ബലം സമ്മേളിച്ചിരുന്നു. തടവുകാരിലോ ശാരീരികശക്തി മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ ഒരു കൂട്ടർ ജയിച്ചു മററവർ തോററു.

ച്ചിട്ടുള്ള മറെറാരു ഗ്രന്ഥം ഇല്ലെന്നുതന്നെ പറയാം.. ഹൈന്ദവ സംസ്കാരത്തിന്റെ പ്രായോഗികരൂപമെങ്ങിനെയെന്നും നമുക്കു രാമായണത്തിൽ ഉടനീളം കാണാൻകഴിയും. "ഹിമാലയ"മെന്ന വാക്കിന്റെ ആദ്യക്ഷരമായ "ഹി"യും, "സിന്ധു" (സമുദ്രം) എന്നതിന്റെ അവസാനഭാഗമായ "ഇന്ധു"വും ചേർന്നാണ് "ഹിന്ധു" ശബ്ദമുണ്ടായതു്. "ഹിന്ദു"വെന്നതു് അതിന്റെ അപഭ്രംശമാകുന്നു. ഹിമാലയം മുതൽ സിന്ധു (സമുദ്ര) പര്യന്തമുള്ള സ്ഥലവിഭാഗത്തിനു "ഹിന്ദുസ്ഥാന"മെന്നും, അവിടെ അധിവസിക്കുന്ന ജനവിഭാഗത്തിനു "ഹിന്ദു"വെന്നും പേരുണ്ടായി. ഹിന്ദുക്കളുടെതന്നെ മറെറാരു പേരാണ് ആര്യന്മാർ അഥവാ ശ്രേഷ്ഠന്മാർ എന്നതു്. പ്രസ്തുത ജനവിഭാഗത്തിന്റെ അതായതു ഹിന്ദുക്കളുടെ ആചാരവിചാരങ്ങളും, വേഷവിധാനങ്ങളും ജീവിതരീതികളും, നിത്യനൈമിത്തികങ്ങളായ കർമ്മാനുഷ്ഠാനങ്ങളും സാമുദായിക മര്യാദകളും, സദാചാരപരങ്ങളായ പെരുമാററങ്ങളും—എന്നുവേണ്ട ആര്യന്മാരായ അവർ മനസാ—വാചാ—കർമ്മണാ ആത്മകല്യാണത്തിനുവേണ്ടി ആചരിച്ചു വരുന്ന സകലവിധ കർമ്മങ്ങളുടേയും ക്രിയാകലാപങ്ങളുടേയും സമന്വയാവസ്ഥയെ അഥവാ ആകത്തുകയെയാണ് ഹൈന്ദവ സംസ്കാരമെന്നു പറയുന്നതു്. ആ ആര്യസംസ്കാരത്തിന് ഒററവാക്കിൽ ഒരു നിർവ്വചനം കൊടുക്കാൻ പററുമെങ്കിൽ, അതു് "സദാചാരം," എന്നതാണ്. അവരുടെ ആചാരവിചാരങ്ങളും, ജീവിത രീതികളും, വേഷഭൂഷാദികളുമെല്ലാം ശാസ്ത്ര വിഹിതങ്ങളാകയാൽ, അവ ആത്മകല്യാണത്തെ പ്രദാനം ചെയ്യുന്നവയുമത്രെ. ഈലോകത്തിലും, പരലോകത്തിലും ശ്രേയസ്സു കൊടുക്കുന്നതായ ആ സദാചാരത്തെയാണ്, ഹിന്ദുക്കാം "ധർമ്മം" എന്നു പറയുന്നതു്. ഇതു അനാദികാലം മുതൽ നിലനിന്നുവരുന്ന ഒന്നാകയാൽ ഇതിനെ "സനാതന ധർമ്മം" എന്നും പറയുന്നുണ്ടു്.

വേദഃ സ്മൃതിഃ സദാചാരഃ
സ്വസ്യ ച പ്രിയമാത്മനഃ
ഏതച്ചതുർവ്വിധം പ്രാഹുഃ
സാക്ഷാൽ ധർമ്മസ്യ ലക്ഷണം. (മനുസ്മൃതി)

ഈ സനാതന ധർമ്മം ദൈവീക—നൈസർഗ്ഗിക—മായ ഒരു നിയമമാണ് അഥവാ ഈശ്വരന്റേതായ ഒരു നിയമമാണ്; ഇതു സദാ ഈശ്വരനിൽതന്നെ നിലകൊള്ളുകയും ചെയ്യുന്നു; ഇതിന്റെ ആവിർഭാവവും ഈശ്വരനിൽനിന്നു തന്നെയാണ്. ഭഗവാൻ ഗീതയിൽ പറയുന്നുണ്ടു്:—

ഇമം വിവസ്വതേയോഗം
പ്രോക്തവാനഹമവ്യയം
വിവസ്വാൻ മനവേപ്രാഹ
മനുരിക്ഷ്വാകവേ *f* ബ്രവീൽ.

"അനശ്വരമായ ഈ യോഗത്തെ (സനാതനധർമ്മതത്വത്തെ) ഞാൻ മുൻപു സൂര്യനോടു പറഞ്ഞിരുന്നു. സൂര്യൻ സ്വന്തം പുത്രനായ വൈവസ്വതമനുവിനോടും, മനു അദ്ദേഹത്തിൻെറ പുത്രൻ ഇക്ഷ്വാകുവെന്ന രാജാവിനോടും പറഞ്ഞു."

ഈശ്വരനിൽനിന്നുണ്ടാവുകയും, ഈശ്വരനിൽ സ്ഥിതിചെയ്യുകയും ചെയ്യുന്ന ഈ ധർമ്മം പ്രളയകാലത്തു ഈശ്വരനിൽതന്നെ വിലയം പ്രാപിക്കുകയും ചെയ്യുന്നു.

ബ്രഹ്മണോഹി പ്രതിഷ്ഠാഹ-
മമൃതസ്യാവ്യയസ്യച
ശാശ്വതസ്യ ച ധർമ്മസ്യ
സുഖസ്യൈകാന്തികസ്യ ച.

അതിനാൽ ശാശ്വതമായ ഈ സനാതന ധർമ്മത്തെ ഈശ്വരൻെറ സ്വരൂപമായിതന്നെ വിചാരിക്കണം. ഇതു് (ഈ ധർമ്മം) അന്നും, ഇന്നും, എന്നും ഉണ്ടായിരുന്നതും, ഉള്ളതും, ഉണ്ടാകുന്നതുമായ ഒരു വസ്തുവാണ്. അതുകൊണ്ടാണ്, ഇതിനെ "സനാതനം" എന്നു് വിശേഷിപ്പിച്ചിരിക്കുന്നതു്. ചിലപ്പോൾ പ്രകടരൂപത്തിലും, ചിലപ്പോൾ അപ്രകടരൂപത്തിലും (പ്രത്യക്ഷവും, അപ്രത്യക്ഷവുമായി) ഇരിക്കുന്നുണ്ടെങ്കിലും ഇതൊരിക്കലും നശിക്കുന്ന ഒന്നല്ല. ഈശ്വരാവതാരംപോലെ ആവിർഭവിക്കുകയും, തിരോഭവിക്കുകയും ചെയ്യുന്നുവെന്നു് മാത്രം. വാത്മീകി രാമായണത്തിലെ ഓരോ പദ്യവും ഈ സനാതനധർമ്മത്തിൻെറ, ഹൈന്ദവ സംസ്കാരത്തിൻെറ സ്വരൂപത്തെയാണ് വരച്ചുകാട്ടുന്നതു്. വിശിഷ്യ, ശ്രീരാമൻെറയും സീതയുടെയും മററും ആദർശ ചിത്രങ്ങളും, രാമാദികളുടെ ഭ്രാതൃസ്നേഹവും മററും ഹൈന്ദവ സംസ്കാരത്തിൻെറ അനുകരണീയങ്ങളായ പാഠങ്ങളാണ്.

## ശ്രീരാമൻെറ ആദർശചരിത്രം.

ശ്രീരാമൻെറ ഓരോ വാക്കിലും, ഓരോ വിചാരത്തിലും, ഓരോ പ്രവൃത്തിയിലും—എന്നുവേണ്ട, സർവ്വവിധ ക്രിയാകലാപങ്ങളിലും ധർമ്മം, നീതി ജ്ഞാനം, ഗുണം, പ്രഭാവം മുതലായ മഹൽഗുണങ്ങൾ മുഴച്ചു് നില്ക്കുന്നതായി കാണാം. ദേവന്മാരോടോ, മനുഷ്യരോടോ, രാക്ഷസന്മാരോടോ, പക്ഷിമൃഗാദികളോടോ—ആരോടായാലും ശരി, ആത്മാർത്ഥത നിറഞ്ഞ അദ്ദേഹത്തിൻെറ പെരുമാററം അത്യന്തം പ്രശംസനീയവും, അലൌകികവുമായിരുന്നു. സുഗ്രീവാദികളായ വാനരന്മാരോടും, ജടായു മുതലായ പക്ഷികളോടും, വിഭീഷണ പ്രഭൃതികളായ രാക്ഷസന്മാരോടും അദ്ദേഹം പ്രകടിപ്പിച്ച സ്നേഹസമ്പൂർണ്ണമായ സഹകരണ മനോഭാവം ഏതൊരു മനുഷ്യനെയാണ് കോരിത്തരിപ്പിക്കാത്തതു്?

ശ്രീരാമൻ പരബ്രഹ്മ പരമേശ്വരന്റെ ഒരവതാരമായിരുന്നുവെങ്കിലും, അദ്ദേഹം മാതാപിതാക്കളോടു് പുത്രനെപ്പോലെയും, ഭാര്യയോടു് ഭർത്താവിനെപ്പോലെയും, മിത്രങ്ങളോടു മിത്രഭാവേനയും സഹോദരന്മാരോടു് സഹോദരനെന്നപോലെയും, ആചാര്യന്മാരോടു് ശിഷ്യനെന്നപോലെയും, ആശ്രിതന്മാരോടു് യജമാനനെപ്പോലെയും യഥായോഗ്യം ആത്മാർത്ഥതയോടും ത്യാഗമനോഭാവത്തോടും കൂടേയാണു് പെരുമാറിയിരുന്നതു്. അങ്ങിനെ ഓരോരുത്തരോടുമുള്ള അദ്ദേഹത്തിന്റെ പെരുമാററത്തിൽ നിന്നും നമുക്കു ചില നല്ല പാഠങ്ങൾ പഠിക്കാനുണ്ടു്.

ശ്രീരാമന്റെ രാജ്യഭരണത്തെപ്പററി പറയേണ്ടതെന്താണു്? ലോകത്തിൽ ഏററവും നല്ല ഭരണം എവിടെയുണ്ടോ, അവിടം "രാമരാജ്യ"മായി ഇന്നും ആളുകൾ പ്രശംസിക്കാറുണ്ടു്. മഹാത്മാഗാന്ധി വിഭാവനചെയ്തിരുന്ന "രാമരാജ്യം" അതിന്റെ ഒരു ശരിപകർപ്പാണെന്നു പറയണമെന്നില്ലല്ലോ. രാമന്റെ രാജ്യത്തിൽ പ്രജകളെല്ലാം വളരെ ഐകമത്യത്തോടു കൂടി പരസ്പരം സ്നേഹിച്ചും സഹകരിച്ചുമാണു് ജീവിച്ചിരുന്നതു്. ധർമ്മം, നീതി, സത്യം, സദാചാരം, ഈശ്വരവിശ്വാസം—എന്നിവയിൽ ബദ്ധശ്രദ്ധരായി സകലരും അവരവരുടെ കർത്തവ്യം ശരിക്കു് പാലിച്ചിരുന്നു. ജനങ്ങളെല്ലാം പ്രായേണ ഉദാരമനസ്ഥരും, പരോപകാരികളും ആയിരുന്നു. പുരുഷന്മാരിൽ ഏകപത്നീവ്രതവും സ്ത്രീകളിൽ പാതിവ്രത്യവും സർവ്വസാധാരണമായി നിലനിന്നിരുന്നു. ശ്രീരാമന്റെ പ്രഭാവംകൊണ്ടു് മനുഷ്യരിൽ മാത്രമല്ല; പക്ഷിമൃഗാദികളിൽകൂടി പരസ്പരപ്രേമവും നിർഭയത്വവും കാണാമായിരുന്നു. തന്മൂലം പക്ഷിമൃഗാദികളുംകൂടി നിർഭയം സ്വച്ഛന്ദം വിഹരിച്ചിരുന്നതായി വാത്മീകി വർണ്ണിച്ചിട്ടുണ്ടു്.

## സീതാദേവിയുടെ അനുകരണീയ ചരിത്രം.

ഭാരതീയരെ സംബന്ധിച്ചിടത്തോളം ശ്രീരാമൻ എത്രമാത്രം അനുകരണീയനും ആദരണീയനുമായിരുന്നുവോ, അത്രയും, ഒരുപക്ഷെ, അധികമധികമായി തന്നെ, സീതാദേവി സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആദരണീയയും, ആദർശവതിയുമത്രെ. ഹൈന്ദവസംസ്കാരമനുസരിച്ചു് ഭാര്യ ഭർത്താവിനോടു് എങ്ങിനെ പെരുമാറണം, എന്നതിനു സീതാദേവിയുടെ ജീവചരിത്രം ഉത്തമമാതൃകയാണു്. ജഗജ്ജനനിയായ ആ ജാനകിയുടെ ജീവിതത്തിൽനിന്നും ഭാരതീയസ്ത്രീകൾക്കു വളരെയധികം പഠിക്കാനുണ്ടു്. സ്വന്തം മാതാപിതാക്കളോടും, ഭർത്താവിന്റെ അച്ഛനമ്മമാരോടും, സഹോദരന്മാരോടും, മററുള്ള സ്ത്രീപുരുഷന്മാരോടും, ദാസീദാസന്മാരോടും യഥായോഗ്യമായ സീതയുടെ സമീപനരീതിയും, സമ്പർക്കവും സദാചാരത്തിന്റെ സജീവദൃഷ്ടാന്തങ്ങളാണു്. അവയെ നമ്മുടെ അമ്മമാരും, ഭാര്യമാരും, സഹോദരിമാരും മനസ്സിലാക്കി അവരുടെ ജീവിതത്തിലേക്കു പകർത്തേണ്ടതാണു്. മാതൃകാപരമായ ആ ദേവിയുടെ ആദർശങ്ങളെ ആദരിക്കയും, ആചരിക്കയും

ചെയ്തുപോന്നതുകൊണ്ടാണ്, ഭാരതീയ സ്ത്രീകളുടെ ഭാവനാശുദ്ധിയെപററി വിദേശീയർപോലും പ്രശംസിക്കുന്നതു്.

## രാമായണത്തിലെ സഹോദരസ്നേഹം.

സഹോദരന്മാർ തമ്മിലുള്ള പെരുമാററം എങ്ങിനെയുള്ളതായിരിക്കണമെന്നു ശ്രീരാമലക്ഷ്മണഭരത ശത്രുഘ്നന്മാരുടെ ജീവിതത്തിൽനിന്നു നാം മനസ്സിലാക്കണം. സർവ്വവിധസമ്പൽസമൃദ്ധിയോടുകൂടിയ ഒരു സാമ്രാജ്യം തന്റെ സഹോദരനു് വിട്ടുകൊടുക്കുന്നതിൽ ശ്രീരാമനു് അശേഷം വൈമനസ്യമുണ്ടായിരുന്നില്ല. എന്നു മാത്രമല്ല, ഭരതനുവേണ്ടി അതുപേക്ഷിച്ചിട്ടു് സർവ്വസംഗപരിത്യാഗിയായി കാട്ടിലേക്കു പോകുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ച സന്തോഷം ഏതൊരു സഹോദരനെയാണു്, വികാരഭരിതനാക്കാത്തതു്? അതുപോലെതന്നെ ഭരതനും തനിക്കു നിഷ്പ്രയാസം സിദ്ധിച്ച ആ സാമ്രാജ്യത്തെ, സ്വച്ഛന്ദസ്വതന്ത്രമായി അനുഭവിക്കാൻ കിട്ടിയ ഐശ്വര്യസമ്പൂർണ്ണമായ ആ അയോദ്ധ്യയെ, തൃണവൽഗണിച്ച തന്റെ ജ്യേഷ്ഠന്റെ തൃപ്പാദത്തിൽ സമർപ്പിക്കാൻ ചെയ്ത ത്യാഗമയമായ പ്രയത്നം ഇന്നൊരു സഹോദരനു വിഭാവനചെയ്യാൻകൂടി സാദ്ധ്യമാണോ? സ്വാൎത്ഥത്തിന്റെ കണികപോലും തൊട്ടുതെറിച്ചിട്ടില്ലാത്ത ആത്മാൎത്ഥമായ അവരുടെ ഭാതൃസ്നേഹം ഹൈന്ദവസംസ്കാരത്തിലല്ലാതെ, ഭാരതീയ സംസ്കാരത്തിലല്ലാതെ, എവിടെയുണ്ടു്? ഇന്നു് ഒരു സെൻറു് സ്ഥലത്തിനു വേണ്ടി അഥവാ ഒരുച്ചാൺ വയററിനുവേണ്ടി സ്വന്തം സഹോദരന്മാർ തമ്മിൽ രക്തം ചിന്തുന്ന ദയനീയ കാഴ്ച, ഏതൊരു ഭാരതീയനെയാണു് ഇരുത്തി ചിന്തിപ്പിക്കാത്തതു്? ഹൃദയം പൊട്ടി കരയിപ്പിക്കാത്തതു്? പിന്നീടു ദ്വാപരയുഗത്തിൽ പാണ്ഡവന്മാരുടെയിടയിലും, ഏതാണ്ടു് അതുപോലെയുള്ള ഒരു സഹോദരസ്നേഹം ദൃശ്യമാകുന്നുണ്ടു്. ഇതാണു് ഹൈന്ദവസംസ്കാരത്തിന്റെ വൈശിഷ്ട്യം.

## ഈശ്വരവാദം.

ഹൈന്ദവസംസ്കാരത്തിൽ ഈശ്വരവാദത്തിനു അഥവാ വിശ്വാസത്തിനു സർവ്വപ്രഥമവും പ്രധാനവുമായ ഒരു സ്ഥാനമുണ്ടു്. ഈശ്വരവിശ്വാസം കേവലം ഹിന്ദുക്കൾക്കു മാത്രമല്ല; കൃസ്ത്യാനികൾക്കും മുഹമ്മദീയർക്കുമുണ്ടു്. നാം പരബ്രഹ്മപരമേശ്വരനെന്നും, നാരായണനെന്നും, രാമനെന്നും, കൃഷ്ണനെന്നും മററും പറയുന്ന അതേ ഈശ്വരനെ തന്നെയാണു് കൃസ്ത്യാനികൾ യേശുവെന്നും, മുഹമ്മദീയർ അള്ളാവെന്നും പറയുന്നതു്. വെള്ളം, വാട്ടർ, തണ്ണി, നീരു, പാനി എന്നിങ്ങിനെ ഒരേ പദാൎത്ഥത്തെതന്നെ വിവിധ ഭാഷകളിൽ വ്യവഹരിക്കുന്നതുപോലെയാണതു്. വാസ്തവത്തിൽ അവയെല്ലാം ജലത്തിന്റെ പര്യായശബ്ദങ്ങളാണു്. അതുപോലെ കൃഷ്ണനെന്നും ക്രിസ്തുവെന്നും, നബിയെന്നും മററും പറയുന്നതും ഒരേ ഈശ്വരന്റെ വിഭിന്ന നാമങ്ങളത്രെ. നമ്മുടെ ശ്രുതിസ്മൃതി പുരാണേതിഹാസങ്ങളിലെല്ലാം ഈശ്വ

രന്റെ ആസ്തിത്വത്തെ അടിക്കടി സമർത്ഥിച്ചു വർണ്ണിക്കുകയും ചെയ്യുന്നുണ്ടു്. ഭഗവൽഗീത, ഭാഗവതം, രാമായണം മുതലായ ഗ്രന്ഥങ്ങളാണെങ്കിൽ ഈശ്വരവാദത്തിന്റെ അങ്ങേയററത്തെ ആദർശഗ്രന്ഥങ്ങളുമാകുന്നു.

ഈശ്വരവിശ്വാസമുള്ളവൻ ഈശ്വരനെ ഭയന്നു പാപകർമ്മങ്ങളൊന്നും ചെയ്യുന്നതല്ല. അവൻ ജീവിക്കുന്നതുതന്നെ ഈശ്വരവിശ്വാസത്തിലാണു്. അവന്റെ സകല കാര്യങ്ങളും സർവ്വചുമതലകളും ഈശ്വരനിൽ നിക്ഷേപിച്ചു. അവൻ നിശ്ചിന്തനായി ആ ഭഗവാനെത്തന്നെ അഭയം പ്രാപിച്ചുകൊണ്ടിരിക്കുന്നു. തന്നിമിത്തം അവന്റെ ഹൃദയത്തിൽ ധീരതയും, വീരതയും, ഗാംഭീര്യവും, നിർഭയവും നൃത്തംവക്കുന്നു. എന്നു വേണ്ട, സർവ്വസൽഗുണങ്ങളും സദാചാരങ്ങളും അവനിൽ സ്വയം വന്നുചേരുന്നു. യഥാർത്ഥമായ ഈശ്വരവിശ്വാസത്തോടുകൂടി നിരന്തരം നിഷ്കാമമായി ഭഗവൽ ഭജനം ചെയ്തുകൊണ്ടിരിക്കുന്നവനു പരമമായ ശാന്തിയും, പരമാനന്ദവും ജീവിതത്തിൽ അനുഭവപ്പെടുമെന്നു മാത്രമല്ല; മരണാനന്തരം ഉത്തമഗതിയും സിദ്ധിക്കുന്നതാണു്. നേരെമറിച്ചു് ഈശ്വര വിശ്വാസമില്ലാത്ത നിരീശ്വരവാദിയുടെ ഹൃദയത്തിൽ ദുർഗ്ഗുണങ്ങളും, ദുഷ്ട വിചാരങ്ങളും ദുരാചാരങ്ങളും അടിഞ്ഞുകൂടുകയും, തന്മൂലം അവൻ ദുഷ്പ്രവൃത്തി ചെയ്യുന്നതിൽ അവനു അശേഷം മടിയോ, ആരേയും ഭയമോ ഇല്ല. പാപത്തിന്റെ ഫലമായി ചിന്തയും, ശോകവും, ഭയവും അവന്റെ മനസ്സിനെ എപ്പോഴും മഥിച്ചുകൊണ്ടിരിക്കും. അങ്ങിനെ അവന്റെ ജീവിതംതന്നെ ദുരിതപൂരിതമായി തീരുകയും, മരണശേഷം മഹാ നരകം അനുഭവിക്കുകയും ചെയ്യുന്നു.

മനുഷ്യരുടെ ആകൃതിയും പ്രകൃതിയും ബുദ്ധിയും, ശ്രദ്ധയും, അഭിരുചിയും, അഭിപ്രായവും, ഇന്ദ്രിയങ്ങളും വിഭിന്നങ്ങളാണു്. അതനുസരിച്ചു അവരുടെ ആചാരവും വിചാരവും, വാക്കും പ്രവൃത്തിയും വിഭിന്നമായിരിക്കാനേ തരമുള്ളു ഭിന്നരുചികളായ ആളുകളുടെ വിവിധ പ്രകാരത്തിലുള്ള സദ്വൃത്തികളേയും ദുർവൃത്തികളേയും അനുസരിച്ചു്, അവരുടെ പാപപുണ്യപ്രവൃത്തികൾക്കനുസരണമായി ഓരോരുത്തൎക്കും യഥായോഗ്യമായ ഫലം കൊടുക്കുന്നതിനു തീർച്ചയായും ഒരാളുണ്ടായിരിക്കണം. അങ്ങിനെ ലോകത്തെ മുഴുവൻ നിഷ്പക്ഷമായി നിരീക്ഷണം ചെയ്തുകൊണ്ടു് ഓരോരുത്തൎക്കും അവരുടെ പ്രവൃത്തിക്കനുസരണമായ ഫലത്തെ പ്രദാനം ചെയ്യുന്ന പ്രസ്തുതവ്യക്തി അഥവാ ശക്തി ബുദ്ധിയുടേയും, സാമർത്ഥ്യത്തിന്റേയും, ദിവ്യചൈതന്യത്തിന്റേയും ഒരു മഹത്തായ ശക്തികേന്ദ്രമായിരിക്കണമല്ലോ. അതിന്റെ പേരാണു് രബ്രഹ്മം അഥവാ പരമേശ്വരനെന്നതു്.

## അവതാരവാദം

ശ്രീരാമനും, ശ്രീകൃഷ്ണനും സാക്ഷാൽ പരമാത്മാവിന്റെ അവതാരമാണു്; പരമാത്മാവുതന്നെയാണു്; എന്നു ഹിന്ദുക്കൾ സുദൃഢമായി വിശ്വ

സിക്കുന്നു. അവരുടെ ഈ വിശ്വാസം ഒട്ടുംതന്നെ അടിസ്ഥാനരഹിതമല്ല; അസ്ഥാനത്തുമല്ല ഇതു് ഔചിത്യപൂർണ്ണവും, യുക്തിയുക്തവുമാണ്. നിർഗ്ഗുണനിരാകാര സച്ചിദാനന്ദ സ്വരൂപമായ പരമാത്മാവുതന്നെയാണു്, സഗുണസാകാരരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു്. അതെങ്ങിനെയെന്നുവച്ചാൽ, ആകാശത്തിൽ പരമാണുരൂപത്തിൽ വർത്തിക്കുന്ന സൂക്ഷ്മങ്ങളായ ജലകണങ്ങൾതന്നെ ഭീമാകാരമായ മേഘപടലമായും, മഞ്ഞുകട്ടിയായും, മഴയായും രൂപാന്തരം പ്രാപിക്കുന്നതുപോലെയെന്നു പറയാം. സൃഷ്ടിയുടെ പ്രാരംഭത്തിൽ നിരാകാരത്തിൽനിന്നു സകാരരൂപം പ്രാപിച്ചവയാണു് ഇന്നു കാണുന്ന സർവ്വവസ്തുക്കളും. അങ്ങിനെ ഈ ലോകംതന്നെ അവ്യക്തതയിൽനിന്നു വ്യക്തമായതാണെന്നു സാരം.

അവ്യക്താദ്വ്യക്തയഃ സർവ്വാഃ
പ്രഭവന്ത്യഹരാഗമേ (ഗീത 8-18)

നിരാകാരസ്വരൂപമായ ആ പരബ്രഹ്മപരമേശ്വരന്റെ സൂക്ഷ്മശരീരത്തിൽനിന്നു തന്നെയാണു്, ഈ സ്ഥൂലപ്രപഞ്ചം മുഴുവനും, ദേവന്മാരും, ദൈത്യന്മാരും, മനുഷ്യരും, പക്ഷിമൃഗാദികളും, വൃക്ഷലതാദികളും സർവ്വവും ഉണ്ടായതെന്നു താല്പര്യം. അതുപോലെതന്നെ സച്ചിദാനന്ദസ്വരൂപമായ പരമാത്മാവു് സ്വയം നിരാകാരരൂപത്തിൽനിന്നു സാകാരരൂപം പ്രാപിക്കുന്നു. ഇതിനെയാണു്, "അവതാരം" എന്നു വിവക്ഷിച്ചിരിക്കുന്നതു്.

അദ്ധ്യാത്മരാമായണത്തിൽ ഒരു കഥയുണ്ടു്. വിശ്വാമിത്രൻ തന്റെ യാഗരക്ഷക്കുവേണ്ടി ശ്രീരാമലക്ഷ്മണന്മാരെ കൂട്ടിക്കൊണ്ടുപോകാമെന്നു കരുതി അയോദ്ധ്യയിൽ വന്നു്, ദശരഥമഹാരാജാവിനെ കണ്ടു് താൻ വന്ന കാര്യം അറിയിച്ചു. ഇതുകേട്ടു് പ്രായപൂർത്തിവരാത്ത ഓമനപ്പുത്രന്മാരെ ഭയങ്കരന്മാരായ രാക്ഷസന്മാരോടു യുദ്ധം ചെയ്യാൻ വനത്തിലേക്കു പറഞ്ഞയക്കുന്നതെങ്ങിനെയെന്നു വിചാരിച്ചു വലിയ വ്യസനവും, എന്നാൽ, വിശ്വവിശ്രുതനായ വിശ്വാമിത്രനോടു അഹിതം പറയുന്നതെങ്ങിനെയെന്നുള്ള വൈമനസ്യവും കൊണ്ടു് ദശരഥൻ വല്ലാത്ത വിഷമത്തിലായി, ഒടുവിൽ വസിഷ്ഠമഹർഷിയുടെ അഭിപ്രായമാരാഞ്ഞതുപ്പ്രാരം അദ്ദേഹം പറയുകയാണു് :—

ശൃണുരാജൻ ദേവഗുഹ്യം
ഗോപനീയം പ്രയത്നതഃ
രാമോനാമാനുഷോജാതഃ
പരമാത്മാ സനാതനഃ
ഭൂമേർഭാരാവതാരായ
ബ്രഹ്മണാ പ്രാർത്ഥിതഃ പുരാ
സ ഏവ ജാതോ ഭവനേ
കൌസല്യായാം തവാനഘ!

"അല്ലയോ, രാജാവേ! ദേവന്മാരുടെ അത്യന്തം രഹസ്യമായ ഒരു വിനോദം കേൾക്കു. ഇതു ഒരിക്കലും പുറത്തു പറഞ്ഞുപോകരുതു്. വളരെ രഹസ്യമായിത്തന്നെ വച്ചിരിക്കണം. അങ്ങയുടെ പുത്രനായ ഈ രാമൻ മനുഷ്യനല്ല. സാക്ഷാൽ സനാതനവും സച്ചിദാനന്ദവുമായ പരമാത്മാവുതന്നെ സ്വന്തം മായയാൽ ഈ രൂപത്തിൽ (രാമനായിട്ടു്) അവതരിച്ചിരിക്കയാണു്. ദുർജ്ജനങ്ങളെക്കൊണ്ടു് ലോകം മുഴുവൻ നിറഞ്ഞിരിക്കയാണെന്നും, താങ്ങാൻ വയ്യാത്ത അവരുടെ ഭാരംമൂലം ഭൂമിദേവി വളരെ വിഷമിച്ചിരിക്കയാണെന്നും, അതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്നും മുൻപു ബ്രഹ്മാവു പ്രാർത്ഥിച്ചതനുസരിച്ചു് സാക്ഷാൽ മഹാവിഷ്ണുതന്നെ - പരമാത്മാവുതന്നെ— അങ്ങയുടേയും കൌസല്യയുടേയും പുത്രനായി ഇവിടെ ജനിച്ചിരിക്കയാണു് ഇങ്ങിനെ വസിഷ്ഠൻ ദശരഥനെ സമാധാനപ്പെടുത്തി.

## പരലോക (പുനർജ്ജന്മ) വാദം

മരണാനന്തരമുള്ള ആത്മാവിന്റെ അവസ്ഥയെന്തു്? മരിച്ചതിനുശേഷവും അതു് അവശേഷിക്കയാണോ, അതോ ശരീരത്തോടുകൂടിത്തന്നെ നശിക്കയാണോ ചെയ്യുന്നതു്? അതേവരെ അനുഷ്ഠിച്ചിട്ടുള്ള കർമ്മങ്ങളുടെ ഫലം പിന്നീടു് തൽക്കർത്താവിന്നുതന്നെ കിട്ടുന്നുണ്ടോ, ഇല്ലയോ? ചരമംപ്രാപിച്ച വ്യക്തിയെ ഉദ്ദേശിച്ചു് ചെയ്യുന്ന ശ്രാദ്ധം മുതലായ കർമ്മങ്ങൾ ആ വ്യക്തിക്കുതന്നെ സിദ്ധിക്കുമോ? ഈവക പ്രശ്നങ്ങൾ ഇന്നു് ആളുകളെ അത്യധികം അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതിന്നു് ആലോചിച്ചു് ശരിയായ ഒരു സമാധാനത്തിൽ എത്തിച്ചേരാൻ അധികമാളുകൾക്കും സാധിക്കുന്നുമില്ല. മരണശേഷവും ആത്മാവു് അവശേഷിക്കുന്നുണ്ടെന്നും, അതു് ഒരിക്കലും നശിക്കാത്ത ഒന്നാണെന്നും, അനശ്വരമായ ആ ആത്മാവു് അവിനാശിയായ പരമാത്മാവിന്റെ അംശമാണെന്നും, കർമ്മത്തിന്റെ ഫലം അനുഭവിക്കാതെ തരമില്ലെന്നും, അതു് ഈ ലോകത്തിലല്ലെങ്കിൽ പരലോക (പുനർജ്ജന്മ)ത്തിൽ തീർച്ചയായും, അനുഭവിക്കേണ്ടിവരുമെന്നും നമ്മുടെ ധർമ്മശാസ്ത്രങ്ങളെല്ലാം ഒരുപോലെ സമർത്ഥിക്കുന്നുണ്ടു്. പിതൃക്കളെയുദ്ദേശിച്ചു് ചെയ്യുന്ന കർമ്മങ്ങളും അവക്കുതന്നെ സിദ്ധിക്കുന്നുണ്ടെന്നാണു് ശാസ്ത്രത്തിൽ നിന്നു് മനസ്സിലാക്കേണ്ടതു്.

കഠോപനിഷത്തിൽ നചികേതസ്സു് യമധർമ്മരാജാവിനോടു്, "മരണശേഷം ആത്മാവു് നിലനില്ക്കുന്നുണ്ടോ, അതോ ശരീരത്തോടുകൂടിത്തന്നെ ആത്മാവും നശിക്കുന്നുണ്ടോ?" എന്നിങ്ങനെ ചോദിച്ചതിന്നു്, യമൻ പറഞ്ഞ മറുപടിയാണിതു്:—

ന ജായതേ മ്രിയതേ വാ വിപശ്ചി-
ന്നായം കുതശ്ചിന്ന ബഭൂവ കശ്ചിൽ

അജോനിത്യ: ശാശ്വതോഽയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ.

"നിത്യജ്ഞാനാനന്ദസ്വരൂപമായ ആത്മാവ് ഒരിക്കലും ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല. ഇതു് ആരിൽനിന്നുമുണ്ടായതല്ല, ഇതിൽനിന്നും ആരുമുണ്ടാകുന്നുമില്ല. അതായതു്, ഇതു് യാതൊന്നിന്റെയും കാര്യമോ, കാരണമോ അല്ലെന്നു് ചുരുക്കം. ആത്മാവ് അവിനാശിയും, അജന്മാവും, സനാതനവും, സച്ചിദാനന്ദസ്വരൂപവുമാകുന്നു. വൃദ്ധിക്ഷയാദികളൊന്നും അതിനെ ബാധിക്കുന്നതല്ല. ശരീരം നശിച്ചാലും നശിക്കാത്തതാണിതു്."

ഗീതയിൽ ഭഗവാൻ അർജ്ജുനനോടു് പറഞ്ഞതും ഏതാണ്ടു് ഇതേ ആശയത്തിൽതന്നെയാണു്:—

ന ജായതേമ്രിയതേ വാ കദാചി-
ന്നായം ഭൂത്വാ ഭവിതാ വാ ന ഭൂയ:
അജോനിത്യ: ശാശ്വതോഽയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ.

ഗീതയിൽ മറ്റൊരിടത്തു് ഭഗവാൻ പറയുന്നു:—

നത്വേവാഹം ജാതുനാസം
നത്വം നേമേ ജനാധിപാ:
ന ചൈവ ന ഭവിഷ്യാമ:
സർവ്വേ വയമത: പരം

"ഞാനോ, നീയോ, ഈ രാജാക്കന്മാരോ ഇതിനുമുൻപ് ഒരിക്കലെങ്കിലും ഇല്ലാതിരുന്നിട്ടില്ല; ഇനിയൊരിക്കിലും ഇല്ലാതിരിക്കയുമില്ല."

വാത്മീകിരാമായണത്തിൽ, രാമരാവണയുദ്ധം അവസാനിച്ചതിന്നുശേഷം ദശരഥൻ വന്നു ശ്രീരാമൻ, ലക്ഷ്മണൻ മുതലായവരെ കണ്ടു് സംസാരിക്കുന്നതായും, അവരെയെല്ലാം ആശിർവ്വദിച്ചു് അന്തർദ്ധാനം ചെയ്യുന്നതായും ചിത്രീകരിച്ചിട്ടുണ്ടു്. ഇതു് പുനർജ്ജന്മ (പരലോക) വാദത്തിന്നു് ഉത്തമ ദൃഷ്ടാന്തമാണു്.

കർമ്മത്തിന്റെ ഫലം അനുഭവിച്ചു മതിയാകു; അതു് തല്ക്കാലത്തിന്നുതന്നെ കിട്ടുകയും ചെയ്യും; എന്നു് വാത്മീകി രാമായണത്തിൽ തീർത്തുപറഞ്ഞിട്ടുണ്ടു്:—

അവശ്യമേവ ലഭതേഫലം പാപസ്യ കർമ്മണ:
ഭർത്ത: പര്യാഗതേ കാലേകർത്താ നാസ്ത്യത്ര സംശയ:
ശുഭകൃച്ഛുഭമാപ്നോതി പാപകൃൽപാപമശ്നുതേ.

മനുഷ്യൻ എങ്ങിനെയുള്ള കർമ്മം ചെയ്യുന്നുവോ, അങ്ങിനെയുള്ള ഫലം അവന്നു് ലഭിക്കുന്നതാണു്. സൽക്കർമ്മങ്ങാം ചെയ്യുന്നവന്നു് സുഖവും സൌഭാഗ്യവും, ദുഷ്കർമ്മങ്ങാം ചെയ്യുന്നവന്നു് ദുഃഖവും ദുരിതവും തീർച്ചയായും സിദ്ധിക്കുമെന്നു് ഗീത മുതലായ ശാസ്ത്രങ്ങളിലും അസന്നിഗ്ദ്ധമായി പ്രതിപാദിക്കുന്നുണ്ടു്:—

കർമ്മണഃ സുകൃതസ്യാഹുഃ
സാത്വികം നിർമ്മലം ഫലം
രജസസ്തു ഫലം ദുഃഖ—
മജ്ഞാനം തമസഃ ഫലം.

## ഈശ്വരോപാസന

ഹൈന്ദവസംസ്കാരത്തിൽ ഈശ്വരോപാസനക്കുള്ള സ്ഥാനം സർവ്വശ്രേഷ്ഠമാണു്. ഇതു് അനാദികാലംമുതൽക്കുതന്നെ ഹൈന്ദവരുടെയിടയിൽ അനുഷ്ഠിച്ചുവരുന്ന പരമ്പരാഗതമായ ഒരാചരണക്രമമാണു്. ഹിന്ദുക്കാം മാത്രമല്ല; ക്രിസ്ത്യാനികളും, മുഹമ്മദീയരും കൂടി ഈശ്വരനെ ആരാധിക്കുന്നുണ്ടു്; അംഗീകരിക്കുന്നുണ്ടു്, ചിലർ ഈശ്വരന്റെ സാകാരരൂപത്തെ ആരാധിക്കുന്നുവെങ്കിൽ, മററുചിലർ അദ്ദേഹത്തിന്റെ നിരാകാരരൂപത്തേയുമാണെന്നു് മാത്രം. ഇതു് ആവശ്യവുമാണു്. ഹിന്ദുക്കളുടെ ഹൃദയത്തിൽ ഈശ്വരവിശ്വാസവും, ഭഗവൽഭക്തിയും അലിഞ്ഞുചേർന്നിരിക്കയാണു്. എന്തെങ്കിലും നിസ്സാരമായ ഒരു സങ്കടം അഥവാ ആപത്തു് നേരിട്ടാൽ മതി; അവൻ ഉടനെ ഈശ്വരനെ വിളിക്കയായി, അദ്ദേഹത്തെ അഭയം പ്രാപിക്കയായി. ശ്രുതിസ്മൃതി പുരാണേതിഹാസാദി നമ്മുടെ ധർമ്മശാസ്ത്രങ്ങളിലെല്ലാം ഈശ്വരോപാസനയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്.

ഇതിഹാസപുരാണാദികളെല്ലാംതന്നെ ഭക്തിരസപ്രധാനങ്ങളാണു്. വേദാധികാരമില്ലാത്തവരെ ഉദ്ദേശിച്ചു വേദവ്യാസൻ രചിച്ചിട്ടുള്ളവയാണവ. അതിനാൽ 18. പുരാണങ്ങളിൽ ഒന്നെങ്കിലും ഈശ്വരോപാസനയെപ്പററി പ്രതിപാദിക്കാത്തതായിട്ടില്ല. ശ്രീമദ്ഭാഗവതത്തിന്റെ കഥ പറയാനുമില്ല. അതു ഭഗവൽ ഭക്തിയുടെ ഉത്തമശാസ്ത്രമാണു്; പ്രാമാണ്യഗ്രന്ഥമാണു്. ഗീതയുടെ ഓരോ അദ്ധ്യായത്തിലും ഈശ്വരോപാസയെപ്പററി പറയുന്നുണ്ടു്. വിസ്തരഭയത്താൽ, ഇതു സംബന്ധിച്ചു കൂടുതൽ പ്രതിപാദിക്കാനൊരുമ്പെടുന്നില്ല.

## ഗുരുജനങ്ങളെ ആദരിക്കുക.

മാതാവു, പിതാവു മുതലായ ഗുരുജനങ്ങളുടെ അഭിപ്രായത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുക; അവരെ വേണ്ടവിധം ബഹുമാനിച്ചു

സൽക്കരിക്കുക, ശുശ്രൂഷിക്കുക—ഈ വകയെല്ലാം ഹൈന്ദവസംസ്കാരത്തിന്റെ പ്രധാന കാര്യങ്ങളാണ്. അഭിവന്ദ്യരായ അവർക്കുവേണ്ടി സ്വന്തം ജീവനെപ്പോലും പരിത്യജിക്കാൻ സദാസന്നദ്ധരായിരുന്ന അസംഖ്യം മഹാപുരുഷന്മാരെ നമ്മുടെ പുരാണങ്ങളിലും മററും കാണാം. പിതാവിന്റെ ഒരു ചെറിയ അഭിനിവേശം നിറവേററാൻ വേണ്ടി ഒരു വലിയ സാമ്രാജ്യത്തെപ്പോലും പരിത്യജിച്ചു താൻ ആ ജീവനാന്തം നൈഷ്ഠിക ബ്രഹ്മചാരിയായി ഇരുന്നു കൊള്ളാമെന്നു "ഭീഷ്മപ്രതിജ്ഞ" ചെയ്ത ഭീഷ്മരുടെ മഹാമനസ്കതയെപ്പററി വിചാരിച്ചാൽ രോമാഞ്ചമുണ്ടാകാത്തതാക്കാണ്? പിതൃഭക്തന്മാരിൽ ശ്രീരാമൻ പ്രഥമഗണനീയൻ തന്നെയാണ്. വനവാസത്തിനു പുറപ്പെട്ട സമയത്തു അദ്ദേഹം കൈകേയിയോടു പറയുന്നതു നോക്കുക:—

പിത്രർത്ഥേ ജീവിതം ദാസ്യേ
പിബേയം വിഷമുൽബ്ബണം
സീതാം ത്യക്ഷ്യേഽഥ കൌസല്യാം
രാജ്യം ചാപി ത്യജാമ്യഹം.

"പിതാവിനുവേണ്ടി ജീവനെ ബലികഴിക്കാൻകൂടി ഞാൻ സന്നദ്ധനാണ്; അതിഭയങ്കരമായ കാളകൂടം കഴിക്കാൻ ഒരുക്കമാണ്. എന്നല്ല, സീതയേയും, കൌസല്യയേയും, രാജ്യത്തേയും ഉപേക്ഷിക്കാൻ എനിക്കു മടിയില്ല.

ഇനി സത്യം, സദാചാരം, അതിഥി സൽക്കാരം, ആശ്രിതവാത്സല്യം —എന്നീ വിഷയങ്ങളിലും അങ്ങേയററത്തെ ആദർശമാണ് ഭാരതീയർ—ഹിന്ദുക്കൾ—അനുഷ്ഠിച്ചുപോന്നിട്ടുള്ളതെന്നു പുരാണങ്ങളിലും മററും പറയുന്നുണ്ടു്. ആ വക വിഷയങ്ങളിലേക്കു തൽക്കാലം കടക്കുന്നില്ല. മുൻപറയപ്പെട്ട സൽഗ്ഗുണങ്ങളുടേയും സൽസ്വഭാവങ്ങളുടേയും, സദാചാരങ്ങളുടേയും ഒരു സമഞ്ജസ സമ്മേളനമാണ്, ഹൈന്ദവസംസ്കാരത്തിന്റെ സ്വരൂപമെന്നു സാരം.

(കല്യാൺവായിച്ചിട്ടു്)

# സാഹിതീവിനോദം

സാഹിത്യകാരന്മാർ സംസ്കൃതവൃത്തം തീരെ നിരാകരിച്ചിട്ടില്ലെന്നുള്ള വിശ്വാസമാണ് ഞങ്ങളെ ഈ പഴയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നത്. ഇതിനെ വിജയപ്രദമാക്കാൻ എല്ലാ ഭാഷാകവികളോടും അഭ്യർത്ഥിക്കുന്നു.

## തർജ്ജമക്ക്

"രാധാപുനാതു ജഗദച്യുത ദത്തചിത്താ-
മന്ഥാനമാകലയതീ ദധിരിക്തപാത്രേ
തസ്യഃ സ്തനസ്തബക ചഞ്ചലലോലദൃഷ്ടി-
ർദ്ദേവോപി ദോഹനധിയാ വൃഷഭം നിരുന്ധൻ"

---

## മഹദ്വാക്യങ്ങൾ

1 അനുസരിക്കാൻ ശീലിച്ചവനുമാത്രമേ കല്പിക്കാൻ സാധിക്കു
2 ഹിംസയുടെ മാതാവാണ് അസത്യം
3 കാലുതെററിയാലും നാവുതെററരുത്
4 സ്നേഹമാണ് ജീവൻ; വിദ്വേഷം മരണവും
5 കോപം ക്ഷണികമായ ഉന്മാദമാണ്
6 ഹൃദയമില്ലാത്ത വാക്കിനേക്കാൾ വാക്കില്ലാത്ത ഹൃദയമാണ് നല്ലത്. (ഗാന്ധിജി)

---

## പഴഞ്ചൊല്ലുകൾ

1 അമ്മായി ഉടച്ചത് മൺചട്ടി, മരുമകളുടച്ചത് പൊൻചട്ടി
2 ഉണ്ടചോററിൽ കണ്ടകത്തരുത് 3 ഇല്ലായ്കവന്നാലും വല്ലായ്മ അരുത്
4 ഇഷ്ടംമുറിക്കാനർത്ഥം മഴ 5 ആശ്രയമററവക്കീശ്വരനാശ്രയം
6 അതിക്രമം ചെയ്താൽ പരിഭ്രമമുണ്ടാം

— * —

## കടംകഥകൾ

1 വായില്ലാ കുടത്തിൽ രണ്ടുകറി
2 തോലില്ലാപഴം, കുരുവില്ലാപഴം, തിന്നാൻ കൊള്ളാംപഴം
3 കറുത്തൊരുത്തൻ കരിമുട്ടൻ കടിച്ചൊരുത്തന്റെ നടു മുറിച്ചു
4 ഇപ്പോൾ പണിത പുത്തൻപുരക്ക് പതിനായിരം വാതിൽ
5 വായില്ലാത്തവൻ വെള്ളംകുടിച്ചു 6 വയറില്ലാത്തവൻ കഞ്ഞി കുടിച്ചു.

— * —

# കനിഞ്ഞാലും

ചാത്തനാത്ത് അച്യുതമേനോൻ.

പ്രേമപീയൂഷമാധുരി തൂകും
കോമളമായ പുല്ലാങ്കുഴലിൽ
തഞ്ചും ഭാഗ്യവിലാസത്തിൻലേശ-
മെന്നിലേക്കു പകർന്നാലും കൃഷ്ണാ!
ആ മുരളിനിൻ ചുണ്ടിലെ രാഗ-
കാമനീയകം പുൽകുകയല്ലോ!
അച്ചെറുമുളത്തുണ്ടുപോൽ ലോല-
മുഗ്ദ്ധരാവാൻ ശ്രമിക്കു മനമേ!
ലാലസകളകറ്റു വിഭൂതി-
മോഹമെല്ലാം മറക്കു മനമേ!
പൊള്ളയാകട്ടെ നിന്നന്തരംഗം
ഫുല്ലശാന്തിപ്രവാഹത്തിനായി!
യാമുനതടഭൂമിയിലാടും
കോമളമൊരു പിഞ്ചിളം പുല്ലിൽ
തഞ്ചും ഭാഗ്യവിലാസത്തിൻ ലേശ-
മെന്നിലേക്കു പകർന്നാലും കൃഷ്ണാ!
അപ്പുൽക്കുമ്പിൽ നിൻ ചേവടിലീലാ-
നൃത്തമാടി നടന്നതാണല്ലോ!
ആ മരതകപ്പുല്ലുപോൽ തെന്നൽ-
വീചികളിലിളകു മനമേ!
പേലവമാകു പട്ടുപോൽ, നീല-
വാനിനുന്മുഖം നിൽക്കു മനമേ!
പൂവണിഞ്ഞു ഞെളിയുമഹന്താ-
ഭാവമെല്ലാം മറന്നാലും വേഗം!
പാദപത്മം പിണച്ചു മുരളീ-
നാദമൂട്ടുകയെ ചാരന്നപ്പുല്ലിൽ
തഞ്ചും ഭാഗ്യവിലാസത്തിൻലേശ-
മെന്നിലേക്കു പകർന്നാലും കൃഷ്ണാ!
മൂകജീവിയാണെങ്കിലെന്തു നിൻ
ചാരെനിന്നു കളിക്കുന്നവല്ലോ!
ശാന്തമപ്പൈക്കിടാവിനെപ്പോലെ
ശാന്തിനേടാൻ ശ്രമിക്കു മനമേ!
നാവിലൂറും കളങ്കങ്ങളെല്ലാം
നീരവങ്ങളായ് മായട്ടെമുറ്റും
പേശലാശയപ്പൈമ്പാലൊഴുക്കു
വീശുക നീ വിശുദ്ധിതൻ വർണ്ണം!
ഗോപികാ മനോഹാരിയാം നീല-
ഗോപബാല, കനിയുകിവനിൽ!
കാളിയവിഷഹാരിൻ, കളങ്ക-
കാളിമകളകറ്റുകിവനിൽ!
പ്രേമഭക്തിലഹരിയിൽ മുഗ്ദ്ധ-
യാമെൻ ചേതന മുങ്ങുകയല്ലോ....!

— *** —